# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## അതിയന്നൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം.ജി.പി.3/1465/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 03/11/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അതിയന്നൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : അതിയന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അതിയന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം.ജി.പി.3/1465/2023 തീയ്യതി: 03/11/2023

## തിരുവനന്തപുരം ജില്ലയിലെ അതിയന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ അതിയന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 18-09-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 50 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 43 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ശ്രീജ.കെ. | ഡെപ്യൂട്ടി ഡയറക്ടർ (ഹയർ ഗ്രേഡ്) | 11-09-2023 | 19-09-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 11-09-2023 | 19-09-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ലക്ഷ്മി വി.എസ് നായർ, ഓഡിറ്റ് ഓഫീസർ
ശ്രീമതി.ആശ ജി.ആർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.രാജു.എസ്, ഓഡിറ്റർ
ശ്രീമതി.പ്രിയദർശിനി.എസ്.ആർ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.വി.പി.സുനിൽകുമാർ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.എ.റഹ്മത്തുള്ള, | സെക്രട്ടറി | 01-04-2022 | 31-03-2023 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി.അശാ റാണി.എ.എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 14-09-2022 |
| ശ്രീമതി.മേരി ജെസ്സി ഡിക്രൂസ്സ് | അസിസ്റ്റന്റ് എഞ്ചിനീയർ | 14-09-2022 | 26-09-2022 |
| ശ്രീ.അഭിലാഷ്.പി.ശശി | അസിസ്റ്റന്റ് എഞ്ചിനീയർ | 27-09-2022 | 31-03-2023 |
| ഡോ.ലേഖ.ജെ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2022 | 31-03-2023 |
| ഡോ.അൻസാ ഹെൻഡർസൺ | മെഡിക്കൽ ഓഫീസർ,ആയുർവ്വേദ ഡിസ്പെൻസറി | 01-04-2022 | 31-03-2023 |
| ശ്രീമതി.സന്ധ്യ.ആർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -1 | 01-04-2022 | 31-12-2022 |
| ശ്രീമതി.ബിന്ദു | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -1 | 01-01-2023 | 31-03-2023 |
| ശ്രീമതി.അനുശ്രീ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -2 | 01-04-2022 | 21-05-2022 |
| ശ്രീമതി.സന്ധ്യ.ആർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -2 | 22-05-2022 | 01-09-2022 |
| ശ്രീ.നന്ദു. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -2 | 02-09-2022 | 17-10-2022 |
| ശ്രീ.അജു | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -2 | 17-10-2022 | 31-03-2023 |
| ശ്രീമതി.കെ.ചിത്ര | കൃഷി ഓഫീസർ | 01-04-2022 | 30-09-2022 |
| ശ്രീമതി.ജിഷ്മാ.ജി.എസ് | കൃഷി ഓഫീസർ | 30-09-2022 | 31-03-2023 |
| ശ്രീമതി.ഉഷാകുമാരി.എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ഡോ.ശ്രീലക്ഷമി.എം.എസ് | വെറ്ററിനറി സർജൻ | 01-04-2022 | 29-01-2023 |
| ഡോ.സുമിൽ.ബി.എസ് | വെറ്ററിനറി സർജൻ | 29-01-2023 | 31-03-2023 |
| ശ്രീമതി.സി.ഉഷ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീ.കാർത്തികേയൻ | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2022 | 31-03-2023 |
| ഡോ.ജസ്റ്റിൻ ബേസിൽ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, വെൺപകൽ | 01-04-2022 | 31-03-2023 |
| ശ്രീമതി.ബീന | ഹെഡ്മിസ്ട്രസ്, ഗവ.എൽ.പി.എസ്, തൊങ്ങൽ | 01-04-2022 | 31-03-2023 |
| ശ്രീമതി.ലേഖ.ഡി.എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | കഴിഞ്ഞവർഷത്തെ ബാലൻസ്ഷീറ്റ് പ്രകാരമുള്ള ആസ്തികൾ തൻവർഷത്തെ മുന്നിരിപ്പായി രേഖപ്പെടുത്തിയതിൽ വ്യത്യാസം | 1-1-1 |
| 3 | അക്കൌണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-2 |
| 4 | ക്യാഷ് ഫ്ലോ പത്രികയിലെ രേഖപ്പെടുത്തലുകൾ പൊരുത്തപ്പെടുന്നില്ല. | 1-1-3 |
| 5 | ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല. | 1-1-4 |
| 6 | കുടിശ്ശിക തുകയ്ക്ക് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. | 1-1-5 |
| 7 | വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല. | 1-1-6 |
| 8 | ഓഡിറ്റിൽ കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല. | 1-1-7 |
| 9 | വായ്പാ ഇനത്തിൽ രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. | 1-1-8 |
| 10 | തുക ചെലവ് ചെയ്ത ഉദ്ദേശം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ബുക്ക് ചെയ്തിട്ടില്ല ഡെപ്പോസിറ്റ് വർക്കിനത്തിൽ കെ.എസ്.ഇ.ബി യിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമായ തുക ബാധ്യത ശീർഷകത്തിൽ കുറവു വരുത്തി ക്രമീകരിച്ചിട്ടില്ല. | 1-1-9 |
| 11 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല. | 1-1-10 |
| 12 | അക്യുമലേറ്റഡ് ഡിപ്രീസിയേഷൻ തുക അതുമായി ബന്ധപ്പെട്ട ആസ്തിയുടെ നീക്കിയിരിപ്പിനെ അധികരിക്കുന്നു. | 1-1-11 |
| 13 | ബാങ്കിൽ നേരിട്ട് ക്രെഡിറ്റ് ചെയ്ത തുക രസീത് നൽകി കണക്കിലെടുത്തിട്ടില്ല. | 1-1-12 |
| 14 | ചെക്ക് നിക്ഷേപിച്ചു- ബാങ്കിൽ കളക്ട് ആയില്ല | 1-1-13 |
| 15 | നൽകി മൂന്ന് മാസത്തിൽ കൂടുതലായിട്ടും പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിലേയ്ക്ക് മാറ്റിയില്ല. | 1-1-14 |
| 16 | ആസ്തികൾ സൃഷ്ടിക്കുന്നതിനായി ചെലവഴിച്ച തുക "Capital Contribution" ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല. | 1-1-15 |
| 17 | ധനകാര്യപത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ മറ്റ് അപാകതകൾ | 1-1-16 |
| 18 | ബജറ്റ് | 1-2 |
| 19 | സാമ്പത്തിക വിശകലനം | 1-3 |
| 20 | ഗ്രാന്റ് വിനിയോഗം | 1-4 |
| 21 | പദ്ധതി അവലോകനം | 1-5 |
| 22 | ക്യാഷ് വെരിഫിക്കേഷൻ | 1-6 |
| 23 | സാമൂഹ്യസുരക്ഷാ പെൻഷൻ വിതരണത്തിന്റെ അവലോകനം | 1-7 |
| 24 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 25 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-9 |
| 26 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 27 | വ്യവസായ/വാണിജ്യ ലൈസൻസ് - കൃത്യമായ ഫീസ് ഈടാക്കിയിട്ടില്ല | 1-11 |

| | | |
|---|---|---|
| 28 | ഉപയോഗക്രമം അനുസരിച്ച് നികുതി ചുമത്തിയിട്ടില്ല.നഷ്ടപ്പെട്ട തുക ഈടാക്കണം | 1-12 |
| 29 | കെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കുന്നതിലെ അപാകങ്ങൾ പരിഹരിക്കണം | 1-13 |
| 30 | വസ്തുനികുതി കുടിശ്ശിക പിരിച്ചെടുക്കുവാൻ നടപടി ഊർജിതമാക്കണം. | 1-14 |
| 31 | ചട്ടങ്ങൾ പാലിച്ച് സമയപരിധിക്കുള്ളിൽ പെർമിറ്റ് അപേക്ഷകൾ തീർപ്പാക്കുന്നില്ല | 1-15 |
| 32 | വസ്തുനികുതി നിർണ്ണയം-തുടർനടപടികളിലെ അപാകങ്ങൾ പരിഹരിക്കണം | 1-16 |
| 33 | നികുതി വരുമാന ശേഖരണം - അവലോകനം | 1-17 |
| 34 | ഫയലുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല | 1-18 |
| 35 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല-781945/- രൂപ തടസ്സപ്പെടുത്തുന്നു | 1-19 |
| 36 | തദ്ദേശഭരണ സ്ഥാപനതല കായിക വികസനം ഗെയിംസ് ഫെസ്റ്റിവൽ പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-20 |
| 37 | ഇ- ടെണ്ടർ ഫോറവില ഗ്രാമപഞ്ചായത്തിന് ലഭ്യമായിട്ടില്ല | 1-21 |
| 38 | ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല | 1-22 |
| 39 | പദ്ധതി നടത്തിപ്പിലെ അപാകത - 263600/- രൂപ തടസ്സപ്പെടുത്തുന്നു | 1-23 |
| 40 | കംപ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ ലഭ്യമായില്ല- 1,27,616/- രൂപ തടസ്സപ്പെടുത്തുന്നു | 1-24 |
| 41 | കേരള വാട്ടർ അതോറിറ്റിയിൽ നിന്നും റോഡ് കട്ടിംഗ്/റീസ്റ്റൊറേഷൻ ചാർജസ് ലഭ്യമായില്ല | 1-25 |
| 42 | ചെക്കുകൾ പണമാക്കിയിട്ടില്ല | 1-26 |
| 43 | വൃദ്ധസദനം മെയിന്റനൻസ് -പദ്ധതി ലക്ഷ്യം പൂർത്തീകരിച്ചില്ല | 1-27 |
| 44 | ടേക്ക് എ ബ്രേക്ക് വിശ്രമകേന്ദ്രം പ്രവർത്തനം ആരംഭിച്ചിട്ടില്ല | 1-28 |
| 45 | ഗുണഭോക്തൃസമിതി മുഖേന നിർവഹണം നടത്തിയ മരാമത്ത് പ്രവൃത്തികൾ-ചെലവുരേഖകൾ ഹാജരാക്കിയില്ല- 244428/-രൂപ തടസ്സപ്പെടുത്തുന്നു | 1-29 |
| 46 | പ്രത്യേക കന്നുകുട്ടി പരിപാലനം-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല- 540970/- രൂപ തടസ്സപ്പെടുത്തുന്നു | 1-30 |
| 47 | വാട്ടർ അതോറിറ്റിയിൽ വെള്ളക്കരം അടവാക്കുന്നത്- സംയുക്ത പരിശോധന നടത്തേണ്ടതാണ് | 1-31 |
| 48 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മുഴുവൻ മരുന്നുകളും ലഭ്യമാക്കിയിട്ടില്ല | 1-32 |
| 49 | ബഡ്സ് സ്കൂൾ / ബഡ്സ് റീഹാബിലേഷൻ സെന്റർ പ്രവർത്തനം ആരംഭിച്ചിട്ടില്ല | 1-33 |
| 50 | സ്പിൽ ഓവർ പദ്ധതികൾ നടപ്പിലാക്കുന്നില്ല | 1-34 |
| 51 | ഹരിത കർമ്മസേനയ്ക്ക് വയബിലിറ്റി ഗ്യാപ് ഫണ്ട് - പദ്ധതി നിർവഹണത്തിലെ അപാകങ്ങൾ-ചെലവ് തുക ₹ 53380/- തടസ്സപ്പെടുത്തുന്നു | 1-35 |
| 52 | സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം നടപ്പിലാക്കിയിട്ടില്ല | 1-36 |
| 53 | രേഖകൾ ഹാജരാക്കിയില്ല-ചെലവ് തുക -100000/- രൂപ തടസ്സപ്പെടുത്തുന്നു | 1-37 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ. | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |

| | | |
|---|---|---|
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 8 | ചാർജ് സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 31.07.2023 തീയതിയിലെ 3(1) -ാം നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 01.08.23 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള അതിയന്നൂർ ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, അതിയന്നൂർ ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ധനകാര്യപത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

### 1-1-1 കഴിഞ്ഞവർഷത്തെ ബാലൻസ്ഷീറ്റ് പ്രകാരമുള്ള ആസ്തികൾ തൻവർഷത്തെ മുന്നിരിപ്പായി രേഖപ്പെടുത്തിയതിൽ വ്യത്യാസം

2021-22 വർഷത്തെ ബാലൻസ് ഷീറ്റിലെ B17 പ്രകാരമുള്ള Cash And Bank Balances നീക്കിയിരിപ്പ് 2022-23 വർഷത്തെ ട്രയൽ ബാലൻസ് പ്രകാരമുള്ള മുന്നിരിപ്പുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ

| Cash And Bank Balances | ട്രയൽ ബാലൻസ് മുന്നിരിപ്പ് (ഹെഡ്കോഡ് 4501-4502) | ബാലൻസ് ഷീറ്റ് നീക്കിയിരിപ്പ് (2021-2022വർഷത്തെ B17 ഷെഡ്യൂൾ) |
|---|---|---|
| | 31540352 | 31540347 |

മേൽ അപാകത്തിന് വാർഷിക ധനകാര്യ പത്രികയിലെ ന്യൂനത പരിഹരിക്കുന്നതാണ് എന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ക്രമീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

### 1-1-2 അക്കൌണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2011-ലെ കേരള പഞ്ചായത്ത്രാജ് അക്കൌണ്ട് ചട്ടങ്ങൾ ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, അക്കൌണ്ടുകളിന്മേലുള്ള കുറിപ്പുകൾ എന്നിവ വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

"വാർഷിക അനുപാതങ്ങൾ ഉൾപ്പെടുത്തുന്നതിനുള്ള സൌകര്യം സോഫ്റ്റ്വെയറിൽ ലഭ്യമാകുന്ന മുറയ്ക്ക് ആയതുകൂടി സമർപ്പിക്കുന്നതാണ്. പ്രത്യേക പരാമർശമൊന്നും ഇല്ലാതിരുന്നതിനാലാണ് നോട്സ് ഓൺ അക്കൌണ്ട് ഉൾപ്പെടുത്താതിരുന്നത്" എന്നാണ് അപാകതയ്ക്ക് മറുപടി ലഭ്യമാക്കിയത്.

### 1-1-3 ക്യാഷ് ഫ്ലോ പത്രികയിലെ രേഖപ്പെടുത്തലുകൾ പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും (4664466) പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും (7652501) പൊരുത്തപ്പെടുന്നില്ല.

### 1-1-4 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല.

വിവിധ ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിലുള്ള രേഖകൾ ILGMS ൽ ഉൾപ്പെടുത്തിയിട്ടില്ല. "പേയ്മെന്റ് രസീപ്റ്റ് എന്നിവയോട് ബന്ധപ്പെട്ട് ജേണൽ വൌച്ചറുകൾ സ്വതവേ സൃഷ്ടിക്കപ്പെടുന്ന സംവിധാനം ILGMS സോഫ്റ്റ്വെയറിൽ തന്നെ ക്രമപ്പെടുത്തിയിരിക്കുന്നതിനാൽ അനുബന്ധരേഖകൾ ഉൾപ്പെടുത്തുവാൻ കഴിയുന്നില്ല" എന്നാണ് ഓഡിറ്റ് അന്വേഷണത്തിന് മറുപടി

ലഭ്യമാക്കിയത്.

എന്നാൽ ജേണൽ വൗച്ചറുകളിലെ രേഖപ്പെടുത്തലിനാധാരമായ വിവരങ്ങൾ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി കൈയെഴുത്തായോ, ഇത്തരം ജേണൽ വൗച്ചറുകൾ സൂക്ഷിക്കുകയോ ഓഡിറ്റിന് ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. ഇത്തരം രേഖകളുടെ അഭാവത്തിൽ വരവ് ചെലവുകളുടെ കൃത്യതയും ആധികാരികതയും ഓഡിറ്റിന് സാക്ഷ്യപ്പെടുത്താൻ കഴിയുന്നില്ല.

### 1-1-5 കുടിശ്ശിക തുകയ്ക്ക് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

ഉദാ- സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്ക് (ഉദാഹരണമായി മാർച്ച് 2023 ലെ ജനപ്രതിനിധികളുടെ ഓണറേറിയം, ഇന്ധനചെലവ് തുടങ്ങിയവ) ബാലൻസ് ഷീറ്റ് ബി 9 ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

### 1-1-6 വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

ഡെപ്പോസിറ്റ് രജിസ്റ്റർ, മുൻകൂർ രജിസ്ററർ എന്നിവ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈയിനങ്ങളിൽ വാർഷികധനകാര്യപത്രികയിലെ രേഖപ്പെടുത്തലിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

### 1-1-7 ഓഡിറ്റിൽ കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി,സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം58(2)(ഇ),(ജി)).

നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ വാടക രജിസ്റ്റർ യഥാവിധി സൂക്ഷിച്ചിട്ടില്ല.

### 1-1-8 വായ്പാ ഇനത്തിൽ രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

ധനകാര്യപത്രിക പ്രകാരമുള്ള വിവരങ്ങൾ

| | അടവാക്കാനവശേഷിക്കുന്ന വായ്പ തുക | തൻവർഷം ലഭിച്ച തുക | തൻവർഷം തിരികെ അടച്ച തുക | തിരികെ അടവാക്കാനുള്ള തുക |
|---|---|---|---|---|
| രജിസ്റ്റർ പ്രകാരം | 11132729 | 803357 | 1969185 | 9963544 |
| ധനകാര്യപത്രിക പ്രകാരം | 11132729 | 803357 | 1969185 | 9966901 |

ഹഡ്കോ വായ്പാ നീക്കിയിരിപ്പിന്റെ ധനകാര്യപത്രികയിലെ രേഖപ്പെടുത്തലുകൾ ബന്ധപ്പെട്ട രജിസ്റ്ററിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല (വ്യത്യാസം 3357/-). വ്യത്യാസം പലിശയിനത്തിൽ ലഭ്യമായ തുകയെന്നാണ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ഹഡ്കോ വായ്പയിനത്തിലെ തുക ഡെപ്പോസിറ്റ് ചെയ്യുന്നതിനായുള്ള ബാങ്ക് അക്കൌണ്ടിൽ പ്രസ്തുത തുക ലഭ്യമായതിന്റെ രേഖകളില്ല.

### 1-1-9 തുക ചെലവ് ചെയ്ത ഉദ്ദേശം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ബുക്ക് ചെയ്തിട്ടില്ല ഡെപ്പോസിറ്റ് വർക്കിനത്തിൽ കെ.എസ്.ഇ.ബി യിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമായ തുക ബാധ്യത ശീർഷകത്തിൽ കുറവു വരുത്തി ക്രമീകരിച്ചിട്ടില്ല.

ഡെപ്പോസിറ്റ് വർക്കിനത്തിലെ തുകയുടെ ധനകാര്യപത്രിക പ്രകാരമുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനം | മുന്നിരിപ്പ് | തിരികെ ലഭിച്ച തുക | തൻവർഷം നൽകിയ തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| കെ.എസ്.ഇ.ബി | 2534074 | 0 | 1879092 | 44,13,166 |

ബന്ധപ്പെട്ട പ്രോജക്ട് ഫയലുകൾ പ്രകാരം കെ.എസ്.ഇ.ബി യിൽ നിന്നും 15,55,914/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ട്. എന്നാൽ ധനകാര്യപത്രികയിൽ ആയത് രേഖപ്പെടുത്തി ബാധ്യത ക്രമീകരിച്ചിട്ടില്ല.

### 1-1-10 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ ഓരോ ഇനങ്ങളുടെയും പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ വസ്തുനികുതിക്കും തൊഴിൽ നികുതിക്കും ഇപ്രകാരം യഥാസമയം ജേണൽ എൻട്രി നടത്തിയിട്ടില്ല.

### 1-1-11 അക്യുമലേറ്റഡ് ഡിപ്രീസിയേഷൻ തുക അതുമായി ബന്ധപ്പെട്ട ആസ്തിയുടെ നീക്കിയിരിപ്പിനെ അധികരിക്കുന്നു.

വാഹനത്തിന്റെ അക്യുമലേറ്റഡ് ഡിപ്രീസിയേഷൻ, ആയതിന്റെ നീക്കിയിരിപ്പിനെ അംഗീകരിക്കുന്ന വിശദാംശം ചുവടെ.

Accumulated Depreciation- Vehicles (B11 A) - 10,41,894 /-

Asset – Vehicles For Office Use (B11-e) – 5,84,692/

## 1-1-12 ബാങ്കിൽ നേരിട്ട് ക്രെഡിറ്റ് ചെയ്ത തുക രസീത് നൽകി കണക്കിലെടുത്തിട്ടില്ല.

കാനറാബാങ്കിൽ നിലവിലുള്ള തനത് ഫണ്ട് അക്കൌണ്ടിന്റെ മാർച്ച് 2023 റീകൺസിലിയേഷൻ പത്രിക പ്രകാരം Directly Credited By Bank എന്നയിനത്തിൽ 14,750/- രൂപ രേഖപ്പെടുത്തിയിരിക്കുന്നു. ഏപ്രിൽ 2023 മുതലുള്ള റീകൺസിലിയേഷൻ നടത്തിയിട്ടില്ലാത്തതിനാൽ തുക ക്രമീകരിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കാനാവുന്നില്ല.
സാമ്പത്തിക വർഷവസാനവും തുക ക്രമീകരിക്കാത്തതിന് കാരണം വിശദമാക്കാൻ ആവശ്യപ്പെട്ട് നടത്തിയ ഓഡിറ്റ് അന്വേഷണത്തിന് ഉടൻ തന്നെ റീകൺസിലിയേഷൻ നടപടികൾ പൂർത്തിയാക്കി തുക ക്രമീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

## 1-1-13 ചെക്ക് നിക്ഷേപിച്ചു- ബാങ്കിൽ കളക്ട് ആയില്ല

കാനറാബാങ്കിൽ നിലവിലുള്ള തനത് ഫണ്ട് അക്കൗണ്ടിന്റെ മാർച്ച് 2023 റീകൺസിലിയേഷൻ പത്രിക പ്രകാരം ചുവടെ ചേർത്തിരിക്കുന്ന ചെക്കുകൾ Cheque Deposited But Not Collected എന്നയിനത്തിൽ കാണുന്നു. തുക എന്താവശ്യത്തിന് ലഭ്യമായതാണെന്നും തുക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങളും ലഭ്യമാക്കിയിട്ടില്ല.

| വൗച്ചർ നം., തീയതി | Instrument No, Dated | തുക |
|---|---|---|
| 121010400002/03.08.21 | 543646, 28.07.21 | 1250/- |
| 121010400001/03.08.21 | 543646, 28.07.21 | 11250/- |

ഓഡിറ്റ് അന്വേഷണത്തിന് അപാകത പരിഹരിച്ച് വിവരം ലഭ്യമാക്കുന്നതാണെന്നാണ് അറിയിച്ചിട്ടുള്ളത്.

## 1-1-14 നൽകി മൂന്ന് മാസത്തിൽ കൂടുതലായിട്ടും പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിലേയ്ക്ക് മാറ്റിയില്ല.

കാനറാ ബാങ്കിൽ നിലവിലുള്ള തനത് ഫണ്ട് അക്കൌണ്ടിന്റെ മാർച്ച് 2023 റീകൺസിലിയേഷൻ പത്രിക പ്രകാരം കാലാവധി കഴിഞ്ഞ 2,978/-രൂപയുടെ ചെക്കുകൾ Cheques Issued But Not Presented To Bank എന്നയിനത്തിൽ കാണുന്നു. ആയത് Stale Cheques എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി വരുമാനമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

## 1-1-15 ആസ്തികൾ സൃഷ്ടിക്കുന്നതിനായി ചെലവഴിച്ച തുക "Capital Contribution" ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല.

ചുവടെ ചേർക്കുന്ന ആസ്തികൾ സൃഷ്ടിക്കുന്നതിനായി മുനിസിപ്പൽ കോർപറേഷൻ ഫണ്ട്, തനത് ഫണ്ട്. വികസനഫണ്ട് എന്നിവ ഉപയോഗിച്ച് ചെലവഴിച്ച തുക "Capital Contribution" ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ/പേര് | ചെലവഴിച്ച തുക |
|---|---|---|
| 1 | 51/23 ടേക്ക് എ ബ്രേക്ക് ടോയ്ലറ്റ്<br>( മുനിസിപ്പൽ ഫണ്ട് ) | 9,31,998 |
| 2 | 117/23 – പഞ്ചായത്ത് ഓഫീസിലേയ്ക്ക് കംപ്യൂട്ടറും അനുബന്ധരേഖകളും വാങ്ങൽ<br>(വികസനഫണ്ട്, തനത് ഫണ്ട് ) | 5,99,599 |

## 1-1-16 ധനകാര്യപത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ മറ്റ് അപാകതകൾ

1. ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള അക്കൗണ്ടുകളുടെ വിവരങ്ങൾ ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തുന്നില്ല.

(എ) ഹെൽത്ത് ഗ്രാന്റിനായി കാനറാ ബാങ്ക് കമുകിൻകോട് ശാഖയിൽ ആരംഭിച്ച അക്കൌണ്ടിന്റെ വിവരങ്ങൾ (അക്കൗണ്ട് നം. 110044841059) ധനകാര്യപത്രികയിൽ ഉൾക്കൊള്ളിച്ചിട്ടില്ല.

(ബി) വാതിൽപ്പടി സേവനത്തിനായി കാനറാ ബാങ്ക് കമുകിൻകോട് ശാഖയിൽ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ അക്കൗണ്ട് ആരംഭിച്ചിട്ടുണ്ടെങ്കിലും (സ.ഉ(സാ.ധാ) നം 1066/2021/ത.സ്വ.ഭ.വ തീയതി 31.05.21, അക്കൌണ്ട് നം. 110062028217) ആയതിന്റെ വിശദാംശങ്ങൾ ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

പ്രസ്തുത അക്കൗണ്ടുകളിലേയ്ക്ക് തുകയൊന്നും ലഭിക്കാത്തതിനാലാണ് ഉൾപ്പെടുത്താത്ത് എന്നാണ് ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയത്.

2. തൊഴിൽ നികുതി രജിസ്റ്ററിൽ Profession Tax Employees എന്നയിനത്തിലെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുടെ സംക്ഷിപ്തം

മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. Profession - Institutions, Traders എന്നിവയുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

കുടിശ്ശികയിനത്തിലെ രജിസ്റ്ററിലെ തുകയും ധനകാര്യപത്രികയിലെ വിവരവും പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ജീവനക്കാരുടെ തൊഴിൽ നികുതി കുടിശ്ശിക | ബാലൻസ് ഷീറ്റ് പ്രകാരം | രജിസ്റ്റർ പ്രകാരം |
|---|---|---|
| | 49500/- | 0/- |

3. MGNREGS – ധനകാര്യ പത്രികയിലെ വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല.

വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

എ) എൻ.ആർ.ഇ.ജി.എസ് കാഷ് ബുക്ക്, ധനകാര്യപത്രിക എന്നിവയിലെ രേഖപ്പെടുത്തലുകൾ പൊരുത്തപ്പെടുന്നില്ല.

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| കാഷ് ബുക്ക് പ്രകാരം | 852604 | 1158163 | 2010767 | 2010767 | 0 |
| ധനകാര്യ പത്രിക പ്രകാരം | 852604 | 1212822 | 2065426 | 2000239 | 65187 |

ബി) രസീത് ആന്റ് പേയ്മെന്റ് പ്രകാരമുള്ള അഡ്മിൻ ചെലവുകൾ ഇൻകം ആന്റ് എക്സ്പൻഡിച്ചർ പ്രകാരമുള്ള ചെലവുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| | ചെലവ് |
|---|---|
| ഇൻകം & എക്സ്പൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം (I-14F) | 2000168 |
| രസീത് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | 2000239 |

വ്യത്യാസമുള്ള 71/- രൂപ ബാങ്ക് ചാർജസ് എന്ന ശീർഷകത്തിൽ ഇൻകം ആന്റ് എക്സ്പൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിരിക്കുന്നു.

സി. ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്ന തുക ധനകാര്യപത്രിക പ്രകാരം (I14C) 5,20,71,228/- രൂപയാണ്. MNREGS സെക്ഷനിൽ നിന്നും സ്റ്റേറ്റ്മെന്റ് പ്രകാരം 52078043/- രൂപയാണ്. (ഇ.എഫ്.എം.എസ് സ്റ്റേറ്റ്മെന്റ് പ്രകാരം 52100000/).

4. സ്റ്റോക്കുകളുടെ മൂല്യനിർണ്ണയം നടത്തി B-14 Stock In Hand (Inventories)- ൽ ഉൾപ്പെടുത്തിയിട്ടില്ല.

5. ആസ്തി രജിസ്റ്ററിൽ മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തി കാലികമാക്കുന്നില്ല.

ആസ്തിയും വാർഷിക കണക്കുകളും തമ്മിൽ താരതമ്യം ചെയ്യുവാൻ സാധിച്ചില്ല.

6) എ.സി.ആർ പ്രകാരമുള്ള ചെലവ് സുലേഖ പത്രികയിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ട് | ചെലവ് | |
|---|---|---|
| | എ.സി.ആർ | സുലേഖ |
| വികസനഫണ്ട് ജനറൽ | 14809153 | 16866045 |
| വികസനഫണ്ട് (എസ് സി പി) | 6943000 | 7481693 |

സോഴ്സ് ഡിഡക്ഷൻ ചെയ്ത തുകയുടെയും GO പദ്ധതികളിൽ 278, 279, 280 എന്നിവ സുലേഖ വാലിഷേഡഷനിൽ നിൽക്കുന്നതിനാലുമാണ് വ്യത്യാസം നിലനിൽക്കുന്നതെന്ന് ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കി.

7) ഹെൽത്ത് ഗ്രാന്റ് മുഖേന ലഭ്യമാകുന്ന ഫണ്ടിന്റെ ചെലവുകൾ (മെഡിക്കൽ ഓഫീസർ സി.എച്ച്.സി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ 226/23-സി.എച്ച്.സി വെൺപകൽ - ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് വെൽനസ് പ്രോഗ്രാം നടപ്പിലാക്കുന്നതിനുള്ള പ്രോജക്ട്, 225/23 -സി.എച്ച്.സി വെൺപകൽ രോഗനിർണയ സംവിധാനം ശക്തിപ്പെടുത്തൽ) യഥാക്രമം 75,651/-, 99,110/- എന്നിങ്ങനെയാണ്. ചെലവുകൾ ഏത് ഫണ്ടുകൾ പ്രകാരമുള്ളതാണെന്നും, പ്രോജക്ട് അടങ്കൽ, പ്രോജക്ട് ചെലവ് എന്നിവ ചെലവ് പത്രികയിൽ രേഖപ്പെടുത്തിയിട്ടില്ല.
(ഓഡിറ്റ് എൻക്വയറി നം. 34/ 18.09.2023).

8) ക്ഷേമ പദ്ധതികളിൽ വിധവപെൻഷൻ ഇനത്തിൽ I6 ലെയും I14 (D) യിലെയും വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല. അതായത് I6 ൽ വിധവപെൻഷന്റെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ I14 (D) യിൽ ആയത് 1,15,97,100/- എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

## 1-2 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ബജറ്റ്, റിവൈസ്ഡ് ബജറ്റ് എന്നിവ സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

| | ബജറ്റ് | റിവൈസ്ഡ് ബജറ്റ് |
|---|---|---|
| പാസാക്കിയ തീയതി | 25.03.2022 | 20.03.2023 |
| ഭരണസമിതി തീരുമാനം നം. | 1(1) | 3(1) |
| മുന്നിരിപ്പ് | 19450108 | 19450108 |
| പ്രതീക്ഷിത വരവ് | 203340000 | 354328811 |

| | | |
|---|---|---|
| പ്രതീക്ഷിത ചെലവ് | 213147300 | 352445451 |
| നീക്കിയിരിപ്പ് | 9642808 | 21333468 |

ബജറ്റ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 214 ൽ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ബജറ്റ്, നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും സർക്കാർ അതത് സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും വിധേയമായി തയ്യാറാക്കുന്നതിനും ആയതിന് അനുമതി നൽകുന്നതിനും നിഷ്കർഷിച്ചിട്ടുണ്ട്. സെക്ഷൻ 214(3) പ്രകാരം വരവുകളുടെ മതിപ്പ് സവിസ്താരവും വാസ്തവികവും ആയിരിക്കേണ്ടതും മുൻവർഷത്തെ യഥാർത്ഥ വരവിൽ നിന്നുള്ള ഏതൊരു പ്രത്യക്ഷ വ്യതിയാനങ്ങളോടുമൊപ്പം വിശദമായമായ കുറിപ്പുകളും വിശദീകരണങ്ങളും ഉണ്ടായിരിക്കേണ്ടതുമാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ 2022-23 ബജറ്റ് എസ്റ്റിമേറ്റിൽ ഇപ്രകാരം കുറിപ്പുകളോ വിശദീകരണങ്ങളോ ഉൾപ്പെടുത്തിയിട്ടില്ല.

2)

*എ)* 02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം പാസാക്കിയ, ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ ഖണ്ഡിക 3.1(ii) പ്രകാരം വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1. ബജറ്റ് കുറിപ്പുകൾ (Annexure 6)

2. പെർഫോമൻസ് ബജറ്റ് (Annexure 10)

3. ജെൻഡർ ബജറ്റ് (Annexure 11)

എന്നാൽ മേൽപ്പറഞ്ഞവ ബജറ്റ് ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

*ബി)* 02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. ആയത് പ്രകാരം എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും എല്ലാ മാസവും 5-ാം തീയതിയ്ക്ക് മുൻപായി മാസം തോറുമുള്ള അവലോകന റിപ്പോർട്ടും വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കേണ്ടതും, അതിന്റെ അടിസ്ഥാനത്തിൽ പട്ടിക 4-1, 4-2 എന്നിവ പ്രകാരം വരുമാനവും ചെലവും സംബന്ധിച്ച് മാസം തോറുമുള്ള അവലോകന റിപ്പോർട്ട് സെക്രട്ടറി ഗ്രാമപഞ്ചായത്തിന്റെ ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കേണ്ടതും, എല്ലാ മാസവും 10-ാം തീയതിക്ക് മുൻപായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മാസം തോറുമുള്ള അവലോകനം നിർവ്വഹിക്കേണ്ടതായിട്ടുമുണ്ട്. പ്രസ്തുത അവലോകനത്തിന്റെ അടിസ്ഥാനത്തിൽ വിഭവ സമാഹരണത്തിന്റെയും ചെലവിന്റെയും പുരോഗതി സംബന്ധിച്ച പുരോഗതി റിപ്പോർട്ട് (മേൽ മാതൃകയിൽ) ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതും ആയത് ഒരു അജണ്ടയാക്കി ഗ്രാമപഞ്ചായത്ത് മീറ്റിംഗിൽ ചർച്ചയ്ക്ക് വിധേയമാക്കേണ്ടതുമാണ്. കൂടാതെ പ്രസിഡന്റ് മാസം തോറും നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഒരു യോഗം കൂടേണ്ടതും നിർവ്വഹണ പുരോഗതി വിലയിരുത്തേണ്ടതും അടുത്ത മാസത്തെ പ്രവർത്തന പദ്ധതി ചർച്ച ചെയ്യേണ്ടതുമാണ്. മാസം തോറുമുള്ള അവലോകനം സെക്രട്ടറി ഏകോപിക്കേണ്ടതുമാണ് [ബജറ്റ് മാന്വൽ ഖണ്ഡിക 4-4]. ബജറ്റിന്റെ പ്രതിമാസ അവലോകനം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തിയതായി മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല.

സി) 02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം മേൽ വിവരിച്ച ഒരു മാതൃകയിൽ വരുമാനം/ചെലവ് സംബന്ധിച്ച വാർഷിക വിവരങ്ങൾ തയ്യാറാക്കി എല്ലാ വർഷവും ഏപ്രിലിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒരു വാർഷിക അവലോകനം നിർവ്വഹിക്കേണ്ടതും തുടർന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശകൾ സഹിതം വാർഷിക അവലോകന റിപ്പോർട്ട് ഗ്രാമപഞ്ചായത്ത് മുമ്പാകെ അവതരിപ്പിക്കേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5 വ്യക്തമാക്കുന്നു. പ്രതിമാസമുള്ളതും, വാർഷികവുമായ റിപ്പോർട്ടുകൾ പരിഗണിച്ച് ധനസമാഹരണം സംബന്ധിച്ചും സെക്രട്ടറി അടക്കമുള്ള നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ തുടർനിർദ്ദേശം ഗ്രാമപഞ്ചായത്ത് നൽകേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5(xi) വ്യക്തമാക്കുന്നു. ഇപ്രകാരമുള്ള അവലോകനം നടത്തിയതായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്ട്സിലും ജനറൽ കമ്മറ്റി മിനിട്ട്സിലും രേഖപ്പെടുത്തിയിട്ടില്ല.

ഭാവിയിൽ അപാകതകൾ പരിഹരിച്ച് ബജറ്റ് തയാറാക്കുന്നതാണെന്ന് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 25/15.09.2023) മറുപടി ലഭ്യമാക്കി.

## 1-3 സാമ്പത്തിക വിശകലനം

റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം

| | |
|---|---|
| മുന്നിരിപ്പ് | 31540352 |
| വരവ് | 46969474 |
| ആകെ | 78509826 |
| ചെലവ് | 39316973 |
| നീക്കിയിരിപ്പ് | 39192853 |

വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ട്രഷറി അലോട്ട്മെന്റ്) എന്നീ ഗ്രാന്റുകളുടെ വരവ്-ചെലവ് തുക റസീറ്റ് & പേമെന്റ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. പഞ്ചായത്തിന്റെ 2022-23 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരവ് 18,82,06,593/- രൂപയും ചെലവ് 18,37,08,304/- രൂപയുമാണ്.

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 14809678 | 14809678 | 16866045 | -2056367 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 7304307 | 7304307 | 7481693 | -177386 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied) | 0 | 6935748 | 6935748 | 4828089 | 2107659 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 3027760 | 3027760 | 2022091 | 1005669 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 23064000 | 23064000 | 14222168 | 8841832 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 7743000 | 7743000 | 7113163 | 629837 |
| CSS | 0 | 0 | 0 | 1262881 | -1262881 |
| SSS | 0 | 0 | 0 | 920000 | -920000 |

ഗ്രാന്റ് വിനിയോഗം സംബന്ധിച്ച അപാകതകൾ

1) വിവിധ ഫണ്ട് ചെലവിനത്തിൽ ഇനത്തിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, എ.സി.ആർ, എ.എഫ്.എസ് എന്നിവയിൽ താഴെപ്പറയും പ്രകാരം വ്യത്യാസമുണ്ട്.

| ഫണ്ട് | ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, സുലേഖ ചെലവ് പത്രിക എന്നിവ പ്രകാരം | എ.സി.ആർ | വാർഷിക ധനകാര്യ പത്രിക പ്രകാരം (I6 + Corresponding Capital Contribution) |
|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 16866045 | 14809153 | 16866045 |
| വികസന ഫണ്ട് (എസ്.സി.പി) | 7481693 | 6943000 | 7481693 |
| വികസന ഫണ്ട് (CFC Untied) | 2022091 | 2022091 | 2071076 |

സോഴ്സ് ഡിഡക്ഷൻ ചെയ്ത തുക എ.സി.ആർ ൽ വരവ് വന്നിട്ടില്ലായെന്നും പ്രോജക്ട് നം 249, 243, 240, 252 എന്നിവ പ്രകാരമുള്ള ചെലവുതുകകൾ ട്രഷറിയിൽ ചെലവു വന്നിട്ടില്ലാത്തതുമാണെന്ന് അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കി.

2) ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം ഉള്ള CSS Fund, SSS Fund, വികസന ഫണ്ട് (ജനറൽ), വികസന ഫണ്ട് (എസ് സി പി) എന്നിവയുടെ നീക്കിയിരിപ്പ് നെഗറ്റീവായി രേഖപ്പെടുത്തിയിരിക്കുന്നു.

3) സർക്കാർ ഉത്തരവ് (കൈ)നം.84/2022/ത.സ്വ.ഭ.വ. തീയതി.19.04.22, ഖണ്ഡിക 6.1 പ്രകാരം പട്ടികജാതി ഉപപദ്ധതിവിഹിതം പാഴാക്കാനോ, വകമാറ്റി ചെലവഴിക്കാനോ പാടില്ല എന്നിരിക്കെ പട്ടികജാതി ഉപപദ്ധതിക്കായി ലഭിച്ച 78,43,000/- (സംസ്ഥാന ബജറ്റ് അനുബന്ധം IV പ്രകാരം) രൂപയിൽ സോഴ്സ് ഡിഡക്ഷൻ ഉൾപ്പെടെ 7481693/- രൂപ മാത്രമാണ് ചെലവഴിച്ചത്.

വീട് വാസയോഗ്യമാക്കൽ (എസ്.സി), ലൈഫ് ഭവനപദ്ധതി (എസ് സി) എന്നിവയ്ക്ക് ഗുണഭോക്താക്കൾ പണി പൂർത്തീകരിച്ച് വരാത്തതിനാലും പദ്ധതിയിലെ തുക ചെലവഴിക്കാൻ സാധിച്ചിട്ടില്ലായെന്നാണ് ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയത്.

4) സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണം സംബന്ധിച്ച 23.01.2017 ലെ സ.ഉ(അ)07/2017/ധന. പ്രകാരം നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറി മാർച്ച് 31-ന് സംയുക്ത പ്രോജക്ടിന്റെ തുക നിക്ഷേപിക്കുന്ന സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിലെ ചെലവുകൾ ട്രഷറിയിലെ തുകകളുമായി പൊരുത്തപ്പെടുത്തേണ്ടതും അൺ ക്യാഷ്ഡ് ചെക്കുകൾ പ്രകാരം നല്കേണ്ട തുക കിഴിച്ചുള്ള മേൽ തീയതിയിലെ നീക്കിയിരിപ്പ് സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതുമാണ്. കൂടാതെ, 03.07.2018 ലെ സ.ഉ(അ)100/2018/ധന.,24.01.2019 ലെ സ.ഉ(അ)7/2019/ധന. ഉത്തരവുകൾ പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ഫണ്ട് കൈമാറുന്ന രീതിക്ക് പകരം 01.04.2019 മുതൽ അലോട്ട്മെന്റ് രീതി അവലംബിച്ചിട്ടുണ്ട്. 30.09.2021ലെ ധനകാര്യ വകുപ്പിന്റെ 86/2021/ഫിൻ സർക്കുലർ പ്രകാരം സംയുക്ത പ്രോജക്ടുകൾക്കായി പുതിയ ട്രഷറി അക്കൗണ്ടുകൾ ആരംഭിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സർക്കുലർ പ്രകാരം തദ്ദേശ സ്ഥാപനങ്ങൾ ഒരു സാമ്പത്തിക വർഷം വിനിയോഗിക്കാത്ത തുകകൾ സാമ്പത്തിക വർഷാവസാനം സർക്കാരിലേയ്ക്ക് തിരികെ ഒടുക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ, മേൽ നിർദ്ദേശങ്ങൾ പാലിക്കാതെ ജില്ലാ പഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ചതിൽ ചെലവഴിക്കാത്ത തുകകൾ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. സംയുക്ത പ്രോജക്ടുകൾക്ക് ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ നിന്നും മുൻവർഷങ്ങളിൽ ലഭിച്ച താഴെപ്പറയുന്ന തുകകൾ 2022-23 വർഷത്തിൽ ചെലവഴിക്കുകയോ തിരികെ ഒടുക്കുകയോ ചെയ്തിട്ടില്ല.

ഗ്രാമപഞ്ചായത്ത് തീരുമാന പ്രകാരം റിവൈസ്ഡ് ബജറ്റിൽ ഉൾപ്പെടുത്തി ടി തുക ചെലവഴിക്കുന്നതിനോ അല്ലാത്തപക്ഷം തിരികെ അടവാക്കുന്നതിനോ നടപടി സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണത്തിന് (നം. 29/15.09.2023) മറുപടി ലഭ്യമാക്കി.

5) 2021-22 വാർഷിക ധനകാര്യപത്രിക ബി-4 ഷെഡ്യൂൾ പ്രകാരം താഴെപ്പറയുന്ന ഹെഡുകളിലുള്ള ഗ്രാന്റുകൾ/ഫണ്ടുകൾ എന്നിവ 2022-23 വർഷത്തിലും ചെലവഴിക്കാതെ അവശേഷിക്കുന്നു.

| ക്രമ നമ്പർ | ഹെഡ് ഓഫ് അക്കൗണ്ട് | തുക | വിഹിതം നൽകിയ സ്ഥാപനം |
|---|---|---|---|
| 1 | 320700204 | 355955 | ബ്ലോക്ക് പഞ്ചായത്ത് |
| 2 | 320700105 | 50903 | ജില്ലാപഞ്ചായത്ത് |
| 3 | 320700205 | 273375 | ജില്ലാപഞ്ചായത്ത് |

6) ഗ്രാമപഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷം മേഖലാ അടിസ്ഥാനത്തിൽ പദ്ധതി മാർഗരേഖ പ്രകാരമുള്ള തുക വകയിരുത്തിയിട്ടുണ്ടെങ്കിലും ഭാഗികമായി മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. മേഖലാടിസ്ഥാനത്തിലുള്ള ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| മേഖല | വിഭാഗം | അടങ്കൽ (മറ്റുള്ളവ ഒഴികെ) | ചെലവ് (മറ്റുള്ളവ ഒഴികെ) | ചെലവ് % |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| ഉല്പാദനം | പൊതുവിഭാഗം | 5890798 | 4889874 | 83 |
| | പട്ടിക ജാതി | - | - | - |
| സേവനം | പൊതുവിഭാഗം | 57755205 | 24262498 | 42 |
| | പട്ടിക ജാതി | 20600093 | 10613093 | 52 |
| | പട്ടികവർഗം | 225000 | 0 | 0 |
| പശ്ചാത്തലം | പൊതുവിഭാഗം | 46704103 | 26324692 | 56 |
| | പട്ടികവർഗ വിഭാഗം | 224700 | 0 | 0 |

വിഹിതം പൂർണമായും ചെലവഴിക്കാത്തതിനും, പട്ടികജാതി വിഭാഗത്തിന് ഉത്പാദന, പശ്ചാത്തല മേഖലകളിൽ പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കാത്തതിനും, പട്ടികവർഗ വിഭാഗത്തിന് പ്രോജക്ടുകൾ ആവിഷ്കരിക്കാനും ചെലവഴിക്കാതിരിക്കാനുമുള്ള കാരണം വിശദമാക്കേണ്ടതാണ്കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമായ മറുപടി ഇപ്രകാരമാണ് " ഗുണഭോക്തൃപദ്ധതികളിൽ ഗുണഭോക്താക്കൾ കൃത്യസമയത്ത് ആനുകൂല്യം കൈപ്പറ്റുന്നതിന് വരാത്തതും ചില പദ്ധതികളിൽ ഗുണഭോക്താക്കൾ ലഭ്യമാകാത്തതും പദ്ധതി ചെലവിനെ ബാധിച്ചു. കൂടാതെ പദ്ധതി ഭേദഗതി വരുത്തുന്ന സമയത്ത് തയാറാക്കിയ പുതിയ പദ്ധതികൾ നടപടിക്രമവും സമയക്രമവും പാലിച്ച് നടപ്പിലാക്കാൻ സാധിക്കാതെ വന്നു. ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനമെടുക്കാത്തതിനാലാണ് പട്ടികജാതി വിഭാഗത്തിന് ഉത്പാദന പശ്ചാത്തല മേഖലകളിൽ പദ്ധതി തയാറാക്കാത്തത്. പട്ടിക വർഗവിഭാഗത്തിന് പദ്ധതികൾ ആവിഷ്കരിക്കുന്നതിന് ഗ്രാമപഞ്ചായത്തിന് ബഡ്ജറ്റ് വിഹിതം ലഭ്യമാകാത്തതിനാലാണ് പദ്ധതി ആവിഷ്കരിക്കാത്തതും നടപ്പിലാക്കാത്തതും".

7) ആസ്തി സംരക്ഷണത്തിന് വേണ്ടി തയ്യാറാക്കിയ പദ്ധതിയ്ക്ക് തുക വകയിരുത്തിയെങ്കിലും ചെലവ് ചെയ്തിട്ടില്ല (കമുകിൻകോട് പട്ടകടി റോഡ് പുനരുദ്ധാരണം വാർഡ് 16).

പ്രസ്തുത പദ്ധതി 2023-24 വർഷം വാർഷിക പദ്ധതിയിൽ പ്രോജക്ട് നം 277/24 ആയി സ്പിൽ ഓവർ പദ്ധതിയായി ഉൾപ്പെടുത്തിയിട്ടുണ്ട് എന്ന് ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കി.

8) സ.ഉ(കൈ)നം.84/2022/തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 6.7.4 പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് ഏറ്റെടുക്കുന്ന പ്രോജക്ടുകൾ മേൽ തട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം ഉൾപ്പെടെ സംയുക്ത പ്രോജക്ടുകളായി ഏറ്റെടുക്കേണ്ടതിന് ശ്രമിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. തൻവർഷം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് പഞ്ചായത്തിൽ നടപ്പാക്കിയ പദ്ധതികൾക്കൊന്നും തന്നെ ബ്ലോക്ക്- ജില്ലാ പഞ്ചായത്ത് വിഹിതം വകയിരുത്തിയിട്ടില്ല.

9) പ്രായാധിക്യം, ഗുരുതര രോഗം തുടങ്ങിയ കാരണങ്ങളാൽ ചലനശേഷി പരിമിതപ്പെട്ട് അവശത അനുഭവിക്കുന്ന വ്യക്തികൾക്ക് അനിവാര്യമായ സേവനങ്ങൾ അവരുടെ വീട്ടുപടിക്കൽ സന്നദ്ധ പ്രവർത്തകർ മുഖേന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപ്പാക്കുന്ന പദ്ധതിയാണ് "വാതിൽപ്പടി സേവനം". ഇതിനായി ആവശ്യമായ ലാപ്ടോപ്, ബയോമെട്രിക് ഉപകരണങ്ങൾ, അനുബന്ധ ചെലവുകൾ എന്നിവയ്ക്കായി ഗ്രാമപഞ്ചായത്തുകൾ ഒരു ലക്ഷം രൂപയിൽ അധികരിയ്ക്കാത്ത തുക വാർഷിക പദ്ധതിയിൽ നീക്കിവയ്ക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ തൻവർഷം പ്രസ്തുത പദ്ധതിയ്ക്കായി തുക വകയിരുത്തിയിട്ടുണ്ടെങ്കിലും പദ്ധതി നടപ്പിലാക്കിയിട്ടില്ല.

വാതിൽപ്പടി സേവനത്തിന് തെരഞ്ഞെടുത്ത സന്നദ്ധപ്രവർത്തകരുടെ പോലീസ് വെരിഫിക്കേഷൻ പൂർത്തീകരിക്കാത്തതിനാലാണ് അവർക്ക് ലാപ്ടോപ്പ്, ബയോമെട്രിക് ഉപകരണങ്ങൾ വാങ്ങി നൽകാൻ സാധിക്കാത്തതെന്നും അനുബന്ധചെലവുകൾ നൽകാൻ സാധിക്കാത്തതെന്നുമാണ് ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയത്.

അപാകങ്ങൾ പരിഹരിക്കേണ്ടതാണ്.


## 1-5 പദ്ധതി അവലോകനം

1) 2022-23 സാമ്പത്തിക വർഷത്തെ ഗ്രാമപഞ്ചായത്തിന്റെ ഓരോ ഇനങ്ങളിലെയും ഗ്രാന്റ് ലഭ്യത, പ്രോജക്ടിനായി അടങ്കൽ വകയിരുത്തിയ തുക, ചെലവഴിച്ച തുക, ഗ്രാന്റ് ലഭ്യത, ചെലവഴിച്ച തുക എന്നിവ തമ്മിലുള്ള താരതമ്യം ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങൾ ഉൾപ്പെടുത്തിയത് (സ്ഥാപനം ലഭ്യമാക്കിയ കണക്കുകൾ പ്രകാരം)


| ഫണ്ട് | 2022-23-ൽ സംസ്ഥാന ബജറ്റ് അനുബന്ധം IV ന്റെ അടിസ്ഥാനത്തിൽ ഗവ: ഉത്തരവുകൾ മുഖേന ലഭിക്കുന്ന തുക | 2022-23-ൽ ചെലവഴിച്ച തുക (സുലേഖ ചെലവ് പത്രിക പ്രകാരം) | ലാപ്സായ തുക |
|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം സാധാരണ വിഹിതം | 17643000 | 16866045 | 776955 |
| വികസനഫണ്ട് എസ്.സി.പി | 7843000 | 7481693 | 361307 |
| മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ് | 23064000 | 14222168 | 8841832 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 7743000 | 7113163 | 629837 |
| ആകെ | 56293000 | 45683069 | 10609931 |

ആകെ ലഭ്യമാകുന്ന തുക, ചെലവഴിച്ച തുക, ലാപ്സായ തുക എന്നിവയുടെ താരതമ്യം ലേഖാചിത്രമായി ചേർക്കുന്നു.

(1)




(2)




2) 2022-23 വർഷത്തെ വിവിധ നിർവ്വഹണ മേഖലകളുമായി ബന്ധപ്പെട്ട് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി അടങ്കൽ ചെലവ്, നീക്കിയിരുപ്പ് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(എ)

| നിർവ്വഹണ ഉദ്യോഗസ്ഥർ | ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ | ചെലവ് (ഗ്ര.വി. ഒഴികെ) | ചെലവ് ശതമാനം (%) |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 4 | 3 | 1 | 1097995 | 763595 | 69.54 |
| വെറ്റിറിനറി സർജ്ജൻ | 7 | 6 | 1 | 2181000 | 2016000 | 92.43 |
| മെഡിക്കൽ ഓഫീസർ സി.എച്ച്.സി | 11 | 8 | 3 | 2930193 | 1728402 | 58.98 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 1 | 0 | 200000 | 200000 | 100 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 1 | 1 | 0 | 800000 | 800000 | 100 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 1 | 1 | 0 | 123000 | 24581 | 19.98 |
| വി.ഇ.ഒ | 19 | 11 | 8 | 41885204 | 14913788 | 35.60 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 14 | 12 | 2 | 6625767 | 5170363 | 78.03 |
| സെക്രട്ടറി | 31 | 24 | 7 | 12100745 | 7654579 | 63.25 |
| എച്ച്.എം. എൽ.പി.എസ് | 4 | 3 | 1 | 906489 | 712414 | 78.59 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 146 | 102 | 43 | 53879878 | 29674753 | 55.07 |
| അസിസ്റ്റന്റ് സെക്രട്ടറി | 6 | 6 | 0 | 2480388 | 1079988 | 43.54 |
| ഡയറി ഫാം ഇൻസ്പെക്ടർ | 1 | 1 | 0 | 2402000 | 2102000 | 87.51 |

(ബി) ആകെ വരവ് ചെലവ് (സുലേഖ പത്രിക പ്രകാരം)

| ഫണ്ട് | വകയിരുത്തിയ തുക | ചെലവ് തുക | ശതമാനം |
|---|---|---|---|
| പൊതുവിഭാഗം (ജനറൽ) | 20299892 | 16866045 | 83.08 |
| എസ്.സി.പി. | 8381693 | 7481693 | 89.26 |
| ടി.എസ്.പി. | 0 | 0 | 0 |

| | | | |
|---|---|---|---|
| ധനകാര്യ കമ്മിഷൻ അവാർഡ് | 13849329 | 6850180 | 49.46 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 2909869 | 1262881 | 43.39 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 19016400 | 920000 | 4.8 |
| തനത് ഫണ്ട് | 12178615 | 6195518 | 50.87 |
| മറ്റ് ബ്ലോക്ക്പഞ്ചായത്ത് | 7962470 | 2473875 | 31.06 |
| മറ്റ് ജില്ലാ പഞ്ചായത്ത് | 5114947 | 1597875 | 31.23 |
| മെയിന്റനൻസ് റോഡ് | 27852421 | 14222168 | 51.062 |
| മെയിന്റനൻസ് നോൺ റോഡ് | 9348100 | 7113163 | 76.09 |
| മറ്റുള്ളവ | 54519910 | 1682304 | 3.085 |
| ആകെ | 182069809 | 66840463 | 36.712 |

ആസൂത്രണ സമിതി

മാർഗ്ഗ രേഖയുടെ 3.1.1 എ 7 പ്രകാരം ആസൂത്രണ സമിതി തുടർച്ചയായി പ്രവർത്തിക്കുന്നുവെന്ന് ഭരണസമിതി ഉറപ്പാക്കണമെന്നും പദ്ധതി ആസൂത്രണപ്രക്രിയ നടക്കുന്ന ഘട്ടത്തിൽ ആവശ്യാനുസരണവും അതിനു ശേഷം കുറഞ്ഞത് മൂന്ന് മാസത്തിലൊരിക്കലെങ്കിലും ആസൂത്രണസമിതി യോഗം ചേരണമെന്നും നിഷ്കർച്ചിട്ടുണ്ട്. ആസൂത്രണസമിതി 20.12.2021 1(1)-ാം നമ്പർ തീരുമാനപ്രകാരം പുന:സംഘടിപ്പിച്ചിട്ടുണ്ട്.

പുന:സംഘടിപ്പിച്ചതിന് ശേഷമുള്ള ആസൂത്രണ സമിതിയിലെ അംഗങ്ങളുടെ വിവരം തദ്ദേശഭരണ സ്ഥാപനത്തിന്റെയും ഘടകസ്ഥാപനങ്ങളുടെയും നോട്ടീസ് ബോർഡുകളിലും തദ്ദേശഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിലും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടന്നാണ് ഓഡിറ്റ് എൻക്വയറി നം. 3 ന് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

ആസൂത്രണ സമിതിയുടെ മിനിട്സ് പരിശോധിച്ചതിൽ, പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയുടെ 3.1.1 (ബി)1 മുതൽ 17 വരെ പ്രതിപാദിക്കുന്ന ആസൂത്രണ സമിതിയുടെ ചുമതലകൾ നിർവ്വഹിച്ചിട്ടില്ലായെന്ന് കാണുന്നു.

വർക്കിംഗ് ഗ്രൂപ്പ്

സ.ഉ.കൈ.നം 84/2022 തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 3.1.2 എ പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. ഭരണസമിതിയുടെ 20.12.2021 1( 2)-ാം നമ്പർ തീരുമാന പ്രകാരമാണ് വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുള്ളത്. നടപടിക്രമങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ഖണ്ഡിക 3.1.2(ബി) 13 പ്രകാരം വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പ് മിനിട്സിൽ മോണിറ്ററിംഗിന്റെ വിവരങ്ങൾ മിനിട്സ് ചെയ്തിട്ടില്ല.

സ്റ്റാറ്റസ് റിപ്പോർട്ട്

നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന ഓരോ മേഖലയിലേയും വികസന വിടവുകൾ കണ്ടെത്തി പരിഹരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി അവസ്ഥാരേഖ പരിഷ്കരിച്ചിട്ടുണ്ട്.

ഗ്രാമസഭ

പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 3.2.1(1) പ്രകാരം വികസന പരിപ്രേഷ്യവും കരട് പ്രോജക്ട് നിർദ്ദേശങ്ങളും തയ്യാറായാൽ ഗ്രാമസഭകൾ യോഗം ചേർന്ന് പ്രോജക്ട് നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിക്കണമെന്നുള്ളത് നിർബന്ധ വ്യവസ്ഥയാണ്. എന്നാൽ വർക്കിംഗ് ഗ്രൂപ്പുകളുടെ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ ചർച്ച ചെയ്തിട്ടുണ്ട്.

ഖണ്ഡിക 3.1.2(ബി) 7 പ്രകാരം മുൻവാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് കണക്കുകൾ ഫോറം 4-ൽ തയ്യാറാക്കി ഗ്രാമസഭയിൽ അവതരിപ്പിച്ചിട്ടുണ്ട്.

പദ്ധതി അവലോകനം ചുവടെ ചേർക്കുന്നു.

| ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ | ആകെ പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| 246 | 180 | 66 | 182069809 | 66840463 | 36.71 % |

വായ്പ

മാർഗ്ഗരേഖ 3.4.1.8, 8(എ), (ബി) എന്നിവയുടെ അടിസ്ഥാനത്തിൽ വായ്പാ സാദ്ധ്യതകൾ നിർവ്വഹണ ഉദ്യോഗസ്ഥരും ഭരണസമിതിയുമായി ചർച്ച നടത്തിയതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

തൊഴിലുറപ്പ് പദ്ധതിയുടെ സംയോജനം

മാർഗ്ഗരേഖ 3.5.6.3 (എ) യുടെ അടിസ്ഥാനത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിച്ച്, വീട്ടുവളപ്പിലെ കുളത്തിൽ മത്സ്യകൃഷി എന്ന പ്രോജക്ടിൽ എം.ജി.എൻ.ആർ.ഇ.ജി.എസ് വിഹിതമായി 18400/-ഉൾപ്പെടുത്തിയിട്ടുണ്ട്.

കുടുംബശ്രീ

മാർഗ്ഗരേഖ 3.5.6.3 (ബി) യുടെ അടിസ്ഥാനത്തിൽ കുടുംബശ്രീ പരിപാടികളുമായി സംയോജിപ്പിച്ചിട്ടുള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല.

നൂതന പ്രോജക്ടുകൾ

മാർഗ്ഗരേഖ 3.8.5 (1) ന്റെ അടിസ്ഥാനത്തിലുള്ള നൂതന പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടില്ല.

CSR ഫണ്ട്

സാമൂഹ്യ പ്രതിബദ്ധത നിറവേറ്റുന്നതിന്റെ ഭാഗമായി വകയിരുത്തപ്പെടുന്ന Corporate Social Responsibility Fund (CSR Fund) ലഭ്യമായിട്ടില്ല.

ആസ്തി രജിസ്റ്റർ

മാർഗ്ഗരേഖ ഖണ്ഡിക 6.8 ന്റെ അടിസ്ഥാനത്തിൽ ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള റോഡ്, റോഡിതര ആസ്തികളുടെ കൃത്യമായ രേഖകൾ ഉൾപ്പെടുത്തിയ ആസ്തി രജിസ്റ്റർ കാലികമാകി സൂക്ഷിക്കുന്നില്ല.

## 1-6 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11-09-2023 തീയതിയിൽ 3.22 പി.എം-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 9074/- (ഒൻപതിനായിരത്തി എഴുപത്തിനാല്) രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-7 സാമൂഹ്യസുരക്ഷാ പെൻഷൻ വിതരണത്തിന്റെ അവലോകനം

A. 2022-23 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്ത് അനുവദിച്ച് നൽകിയ ക്ഷേമപദ്ധതികളുടെയും നൽകിയ തുകയുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 5880500/- | 587 |
| വികലാംഗ പെൻഷൻ | 4077600/- | 385 |
| വിധവാ പെൻഷൻ | 11597100/- | 1105 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 120000/- | -- |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള വിവാഹ ധനസഹായം | 620200/- | 65 |
| വാർദ്ധ്യകാല പെൻഷൻ | 30392400/- | 2934 |

B) പെൻഷൻ ഗുണഭോക്താക്കളുടെ വിവരവും 2022-2027 വർഷത്തിലേയ്ക്ക് വേണ്ടി തയ്യാറാക്കിയ പഞ്ചായത്ത് പ്രസിദ്ധീകരിച്ച സ്റ്റാറ്റസ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുള്ള പെൻഷൻ ഗുണഭോക്താക്കളുടെ വിവരവും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| പെൻഷൻ സ്റ്റേറ്റ്മെന്റിലെ വിവരങ്ങൾ | എണ്ണം | സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം | വ്യത്യാസം |
|---|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 587 | 924 | 337 |
| വികലാംഗ പെൻഷൻ | 385 | 338 | 47 |
| വിധവാ പെൻഷൻ | 1105 | 1042 | 63 |
| വാർദ്ധ്യകാല പെൻഷൻ | 2934 | 2101 | 833 |

മേൽ അപാകതയ്ക്ക് വിദശീകരണം ലഭ്യമാക്കാൻ നൽകിയ അന്വേഷണകുറിപ്പ് 37/23 – ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

C) 2022-23-ലെ വാർഷിക ധനകാര്യപത്രിക പ്രകാരം വിധവകളുടെ പെൺമക്കൾക്ക് വിവാഹധനസഹായമായി 120000/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത വിവരം സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-8 ആഭ്യന്തര നിയന്ത്രണം

തനത് വരുമാനം ഈടാക്കുന്നതിൽ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാര സ്ഥാപനങ്ങൾക്കും സംരംഭപ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ലൈസൻസ് ലഭിക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കേണ്ടതുമാണ്.

ഉപയോഗക്രമം അനുസരിച്ച് കെട്ടിടങ്ങൾക്ക് നികുതി ചുമത്തേണ്ടതാണ്.

സഞ്ചയ സോഫ്റ്റ് വെയറിൽ കെട്ടിടങ്ങളുടെ വിസ്തീർണം കൃത്യമാക്കുകയും 2023 ഒന്നാം അർദ്ധവർഷം മുതൽ നികുതി വർദ്ധിപ്പിച്ച് കുടിശ്ശിക ഈടാക്കേണ്ടതുമാണ്.

മോണിറ്ററിംഗ് സമിതി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ്.

ഐ എൽ ജി എം എസിൽ വൗച്ചറുകളും അനുബന്ധ രേഖകളും അപ്‌ലോഡ് ചെയ്തിട്ടുണ്ട്.വൗച്ചർ ലിസ്റ്റ് ഓഡിറ്റർ ലോഗിനിൽ ലഭ്യമാകുന്നില്ല. വാർഷിക ധനകാര്യ പത്രികയിൽ വന്ന അപാകങ്ങൾ ഖണ്ഡിക 1-1 ൽ പരാമർശിച്ചിട്ടുണ്ട്.
ബജറ്റ് തയാറാക്കുന്നതിലെ അപാകതകൾ വരും വർഷങ്ങളിൽ പരിഹരിക്കേണ്ടതാണ്.
റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കുന്നതിന് തൻ വർഷം തുക നൽകിയിട്ടുണ്ടെങ്കിലും, ആയത് പൂർത്തീകരിക്കപ്പെട്ടിട്ടില്ല.രജിസ്റ്ററുകളുടെ പരിപാലനത്തിൽ കൂടുതൽ ശ്രദ്ധപുലർത്തേണ്ടതാണ്.

വരവുരജിസ്റ്ററുകൾ, മുൻഷ്വർ, വായ്പാ, ഡെപ്പോസിറ്റ് രജിസ്ററുകൾ, സ്റ്റോക്ക് രജിസ്റ്ററുകൾഎന്നിവ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

അപാകങ്ങൾ പരിഹരിയ്ക്കുന്നതിനാവശ്യമായ സത്വര നടപടി സ്വീകരിയ്ക്കുവാൻ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിയ്ക്കുന്നു.

## 1-9 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 852604 | 1212822 *(1147564 + 65258) | 2065426 | 2000239 | **65187 (0+65187) |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്ന തുക (I14 C പ്രകാരം) | 0 | 52071228 | 52071228 | 52071228 | 0 |
| ആകെ | 852604 | 53284050 | 54136654 | 54136714 | 0 |

* 2022-23 സാമ്പത്തിക വർഷം സെക്രട്ടറിയുടെ പേരിൽ ആരംഭിച്ച എൻ.ആർ.ഇ.ജി.എസ് വെണ്ടർ അക്കൌണ്ടിലെ തൻവർഷ വരവുകൂടി (65,258/-), എൻ.ആർ.ഇ.ജി.എസ് അഡ്മിൻ അക്കൗണ്ടിലെ വരവിലേയ്ക്ക് (1,147,564/-) കൂട്ടിച്ചേർത്ത തുകയാണ് ധനകാര്യപത്രികയിൽ അഡ്മിൻ വരവായി രേഖപ്പെടുത്തിയിരിക്കുന്നത്.

** നീക്കിയിരിപ്പായി രേഖപ്പെടുത്തിയിരിക്കുന്നത് NREGS അഡ്മിൻ (Rs .0/-), വെണ്ടർ (65187/-) അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് തുകകളാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറൽ | 10.05.2016-26.05.2016 | 2011-12 മുതൽ 2015-16 വരെ | 14.07.2016 |
| പെർഫോമൻസ് ഓഡിറ്റ് | വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല | | |

## 1-11 വ്യവസായ/വാണിജ്യ ലൈസൻസ് - കൃത്യമായ ഫീസ് ഈടാക്കിയിട്ടില്ല

2022-23 സാമ്പത്തിക വർഷത്തെ വ്യവസായ/വാണിജ്യ ലൈസൻസ് രജിസ്റ്റർ പ്രകാരം പന്ത്രണ്ടാം വാർഡിലെ 293/A, B എന്നീ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ദ ഗ്രാന്റ് റസിഡൻസി എന്ന സ്ഥാപനത്തിന് റെസ്റ്റോറന്റ്, ലോഡ്ജ് എന്നിവ നടത്തുന്നതിന് ലൈസൻസ് നൽകിയിട്ടുണ്ട്. സേവന മേഖലയിൽ ഉൾപ്പെടുന്ന ഈ സ്ഥാപനങ്ങളുടെ അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന മൂലധന നിക്ഷേപം അമ്പത് ലക്ഷം രൂപ വീതം ആകെ ഒരു കോടി രൂപയാണ്. എന്നാൽ ദ ഗ്രാന്റ് റസിഡൻസി എന്ന സ്ഥാപനത്തിന് പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നും ലഭ്യമായ നം. PCB/TVM-DO/NTA/ICO/HTL/38/20202 Dt: 8/8/2020 സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയിരിക്കുന്ന മൂലധന നിക്ഷേപം 345.06 ലക്ഷം രൂപയാണ്. ടി സ്ഥാപനത്തിൽ നിന്നും ലൈസൻസ് ഫീ ഇനത്തിൽ പഞ്ചായത്തിൽ ഈടാക്കിയ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നം. | ഈടാക്കിയ ലൈസൻസ് ഫീ | രസീത് നം. /തീയതി | സ്ഥാപനം |
|---|---|---|---|
| 293 / A | 2000/- | 122010087/20.4.2022 | റെസ്റ്റോറന്റ് |
| 293 / B | 4000/- | 1220100186/20.4.2022 | ലോഡ്ജ് |

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 7 പട്ടിക II ക്രമ നം. 4 പ്രകാരം സേവന മേഖലയിൽ 2 കോടി രൂപയിൽ കൂടുതലുള്ളതും എന്നാൽ 5 കോടി രൂപയിൽ കവിയാത്തതുമായ മൂലധന നിക്ഷേപമുള്ളതുമായ വ്യാപാരങ്ങൾക്ക് 10000/- രൂപയാണ് വാർഷിക ലൈസൻസ് ഫീ ആയി ഈടാക്കേണ്ടത്.

മേൽ അപാകതയ്ക്ക് മേൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് 2022-23 സാമ്പത്തിക വർഷത്തിൽ ലൈസൻസ് ഫീ ഇനത്തിൽ കുറവ് വന്ന 4000/- രൂപ വരും വർഷങ്ങളിൽ ലൈസൻസ് അനുവദിക്കുന്ന വേളയിൽ ലൈസൻസ് ഫീ കൃത്യമായി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകി. പഞ്ചായത്തിന്റെ തനത് വരുമാനത്തിന് കുറവ് വരുത്തുന്ന ധനനഷ്ടം ഉടനടി ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം 1994- ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 234 (3) പ്രകാരം യഥാസമയം നടപടി എടുക്കുന്നതിലുള്ള വീഴ്ചമൂലം പഞ്ചായത്തിന് കിട്ടേണ്ടതായ ഏതെങ്കിലും നികുതിയോ, മറ്റു സംഖ്യകളോ കാലഹരണപ്പെടുകയും നിയമാനുസൃതമുള്ള അന്വേഷണത്തിൽ അത് നഷ്ടപ്പെട്ടത് ഏതെങ്കിലും ഉദ്യോഗസ്ഥന്റെയോ ഉദ്യോഗസ്ഥരുടേയോ വീഴ്ചമൂലമാണെന്ന് കാണുകയും ചെയ്താൽ, അങ്ങനെ പഞ്ചായത്തിന് നഷ്ടപ്പെട്ട തുക 12% പലിശ സഹിതം കാരണക്കാരായ ഉദ്യോഗസ്ഥൻ/ഉദ്യോഗസ്ഥരിൽ നിന്നോ ഈടാക്കാം. ആയതിനാൽ ഓഡിറ്റ് റിപ്പോർട്ട് ലഭിച്ച് 3മാസത്തിനകം മേൽ വിവരിച്ച കെട്ടിടങ്ങളിൽ നിന്നും നിയമാനുസൃതം ലൈസൻസ് ഫീ ഈടാക്കി (20/4/2022 മുതലുള്ള) രസീതിന്റെ പകർപ്പ് ഉൾപ്പെടെ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഇക്കാര്യത്തിൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-12 ഉപയോഗക്രമം അനുസരിച്ച് നികുതി ചുമത്തിയിട്ടില്ല.നഷ്ടപ്പെട്ട തുക ഈടാക്കണം

കേരള പഞ്ചായത്ത് രാജ് കെട്ടിടനിർമ്മാണ ചട്ടങ്ങൾ അനുസരിച്ച് കെട്ടിട നിർമ്മാണം പൂർത്തീകരിച്ച കഴിഞ്ഞാൽ പ്രസ്തുത കെട്ടിടത്തിന്റെ വിവരങ്ങൾ ഫോം 6-ൽ രേഖപ്പെടുത്തി സെക്ഷൻ 203 പ്രകാരം നികുതി നിശ്ചയിക്കണം. നികുതി നിശ്ചയിച്ചതിനുശേഷം ഉപയോഗക്രമത്തിലുള്ള മാറ്റം കെട്ടിടഉടമ സെക്രട്ടറിയെ അറിയിക്കേണ്ടതും, ആയത് അനുസരിച്ച് നികുതി പുനർനിർണ്ണയിക്കേണ്ടതുമാണ്. A3-BA-251769 (തീയതി-19-6-2018)നമ്പർ പെർമിറ്റ് പ്രകാരം (ഗ്രൂപ്പ് A1-പാർപ്പിട അപ്പാർട്ട്മെന്റ്) നിർമ്മാണം പൂർത്തീകരിച്ച കെട്ടിടത്തിന് 1802.68M2- വിസ്തീർണം ഉണ്ട്. പ്രസ്തുത കെട്ടിത്തിന്റെ 565.2M2 ഭാഗത്തിന് 12/293 Aഎന്ന നമ്പർ നൽകി വാണിജ്യാവശ്യത്തിനായി A3/5649/20 നമ്പർ ഒക്യുപൻസി സർട്ടിഫിക്കറ്റും, 1247.63M2 കെട്ടിട ഭാഗത്തിന് 12/293 B എന്ന നമ്പർ നൽകി സ്പെഷ്യൽ റെസിഡൻഷ്യൽ എന്ന ഉപയോഗത്തിന് ഒക്യുപൻസി സർട്ടിഫിക്കറ്റും നൽകി. ആയത് പ്രകാരം സഞ്ചയയിൽ 12/293 A എന്ന നമ്പർ കെട്ടിടത്തിന് റെസ്റ്റാറന്റ് എന്ന ഉപയോഗക്രമത്തിന് ചതുരശ്രമീറ്ററിന് 50/- രൂപ നിരക്കും, 12/293 B എന്ന നമ്പർ കെട്ടിടത്തിന് പാർപ്പിടം എന്ന ഉപയോഗക്രമത്തിന് ചതുരശ്രമീറ്ററിന് 5/- രൂപ നിരക്ക് നിശ്ചയിച്ചും നികുതി ഈടാക്കി വരുന്നു.

12/293-b നമ്പർ കെട്ടിടത്തിന് സഞ്ചയ പ്രകാരം ആകെ വിസ്തീർണം 1247.63m2 ആണെന്നും, ഉപയോഗക്രമം പാർപ്പിടം എന്നും രേഖപ്പെടുത്തി 5/- രൂപ അടിസ്ഥാന വസ്തുനികുതി 2020 രണ്ടാം പകുതി മുതൽ നികുതി ഈടാക്കുന്നതിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

| വർഷം | ചുമത്തിയ അടിസ്ഥാന നികുതി | ആകെ നികുതി |
|---|---|---|
| 2020 ആദ്യപകുതി | 4211/- | 4422/- |
| 2020 രണ്ടാം പകുതി | 4211/- | 4422/- |
| 2021ആദ്യപകുതി | 4211/- | 4422/- |
| 2021 രണ്ടാം പകുതി | 4211/- | 4422/- |
| 2022ആദ്യപകുതി | 4211/- | 4422/- |
| 2022 രണ്ടാം പകുതി | 4211/- | 4422/- |
| 2023ആദ്യപകുതി | 4422/- | 4644/- |
| | 29688/- | 31176/- |

എന്നാൽ പ്രസ്തുത കെട്ടിടത്തിന്റെ ഉടമയായ സേവ്യയർ മാത്യു. എന്നയാൾ 24/3/2022-ലെ B4/2022/22 നമ്പർ ഫാക്ടറി/വ്യാപര /സംരംഭകത്വം/ മറ്റ് സേവനങ്ങളുടെ ലൈസൻസിനുള്ള അപേക്ഷ പ്രകാരം 12/293-b നമ്പർ കെട്ടിടത്തിൽ ലോഡ്ജ് പ്രവർത്തിക്കുന്നതിനായുള്ള ലൈസൻസിന് അപേക്ഷ നൽകുകയും ആയത് പ്രകാരം പഞ്ചായത്തിലെ 2022-23-ലെ ലൈസൻസ് രജിസ്റ്റർ (പേജ് -4, സീരിയൽ നമ്പർ- 16) പ്രകാരം ഗ്രാൻഡ് റെസിഡൻസിയിൽ ലോഡ്ജ് നടത്തുവാൻ 1220100186/20/4/2022 നമ്പർ രസീത് പ്രകാരം 6505/- രൂപ ഈടാക്കി ലൈസൻസ് അനുവദിച്ച നൽകുകയും ചെയ്തു. കൂടാതെ പ്രസ്തുത കെട്ടിടത്തിൽ ലോഡ്ജ് നടത്തുവാൻ 2021-22-ലും Ap/2612/20/21/22 തിയതി- 13/4/2021 പ്രകാരം ലൈസൻസ് അനുവദിച്ചിട്ടുണ്ട്. എന്നാൽ കെട്ടിട ഉടമ തന്നെ ഉപയോഗക്രമം ലോഡ്ജ് എന്ന് സാക്ഷ്യപ്പെടുത്തിയിട്ടും പ്രസ്തുത കെട്ടിടത്തിന് സഞ്ചയയിൽ പാർപ്പിടം എന്ന ഉപയോഗക്രമത്തിൽ നികുതി ഈടാക്കുന്നത് ഉപയോഗക്രമം മാറ്റിനികുതി പരിഷ്കരിക്കാത്തതിനാൽ ഗ്രാമപഞ്ചായത്തിന് നികുതി നഷ്ടം സംഭവിച്ച കൊണ്ടിരിക്കുന്നതായി വ്യക്തമായി.

പ്രസ്തുത കെട്ടിടം ഉടമതന്നെ ലോഡ്ജ് എന്ന് സാക്ഷ്യപ്പെടുത്തുകയും ഗ്രാമപഞ്ചയത്ത് ലോഡ്ജിന് ലൈസൻസ് നൽകിയിട്ടും ഉപയോഗക്രമം മാറ്റി നികുതി നിശ്ചയിക്കാത്തതു കാരണം സംഭവിച്ച നികുതി നഷ്ടം ചുവടെ ചേർക്കുന്നു.

| വർഷം | സഞ്ചയിൽ ചുമത്തിയ അടിസ്ഥാന നികുതി (1m2-ന് 5/- നിരക്കിൽ) 1247.63M2 ചതുരശ്ര മീറ്ററിന് | ചുമത്തേണ്ട അടിസ്ഥാന നികുതി (1m2-ന് 30/-നിരക്കിൽ) |
|---|---|---|
| 2020 ആദ്യ പകുതി | 4211/- | 18714/- |
| 2020 രണ്ടാം പകുതി | 4211/- | 18714/- |
| 2021 ആദ്യ പകുതി | 4211/- | 18714/- |
| 2021 രണ്ടാം പകുതി | 4211/- | 18714/- |
| 2022 ആദ്യ പകുതി | 4211/- | 18714/- |
| 2022 രണ്ടാം പകുതി | 4211/- | 18714/- |
| ആകെ | 25266/- | 112284/- |

പ്രസ്തുത കെട്ടിടം ലോഡ്ജ് എന്ന ഉപയോഗക്രമത്തിൽ (30/-നിരക്ക്) നികുതി ചുമത്താത്തതിനാൽ ഗ്രാമപഞ്ചായത്തിന് 2022 രണ്ടാം പകുതി വരെ (25266-112284= 87018/-) 87018/- രൂപ അടിസ്ഥാന നികുതിയിൽ മാത്രം നഷ്ടപ്പെട്ടതായി ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമായി.ആയതിനാൽ ഓഡിറ്റ് കണ്ടെത്തിയ നികുതി നഷ്ടത്തിന് വിശദീകരണം ലഭ്യമാക്കാനും, കെട്ടിടത്തിന്റെ ഉപയോഗക്രമം മാറ്റുന്നതിന് ഉടമ അപേക്ഷ നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖയും ഓഡിറ്റിന് ലഭ്യമാക്കാനും നൽകിയ അന്വേഷണകുറിപ്പ് 14/23 -ന് നൽകിയ മറുപടിയിൽ ഉടമയുടെ അപേക്ഷ പരിഗണിച്ച് 12/293 A എന്ന നമ്പർ കെട്ടിടത്തിന് വാണിജ്യാവശ്യത്തിനുള്ള നിരക്ക് രേഖപ്പെടുത്തി അപ്രകാരം നികുതി ഈടാക്കുന്നതായും, എന്നാൽ 12/293-b നമ്പർ കെട്ടിടത്തിന്റെ ഉപയോഗക്രമം ലോഡ്ജ് ആക്കി മാറ്റുന്നതിൽ വീഴ്ച സംഭവിച്ചതായും, ടി കെട്ടിടത്തിന്റെ ഉപയോഗക്രമം മാറ്റി 2020 ആദ്യപകുതി മുതൽ നഷ്ടപ്പെട്ട നികുതി ഈടാക്കാനുള്ള നടപടി സ്വീകരിച്ച് അറിയിക്കുന്നതാണെന്ന് അറിയിച്ചു. ഓഡിറ്റ് റിപ്പോർട്ട് ലഭിച്ച് 2 മാസത്തിനകം 2020 ആദ്യപകുതി മുതൽ നഷ്ടപ്പെട്ട വസ്തുനികുതി (അടിസ്ഥാനനികുതി-30/- രൂപ നിരക്കിൽ) ആയതിന്റെ 40% വർദ്ധനവ് ഉൾപ്പടെ (15% തറനിർമ്മിതിയ്ക്കും, 20% വഴിസൗകര്യത്തിനും, 5% ലൈബ്രറി സെസ്സ്) ഈടാക്കിയും സഞ്ചയയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തിയും രേഖകൾ സഹിതം അറിയിക്കാത്ത പക്ഷം 1994-ലെ കേരള കേരള പഞ്ചായത്തിരാജ് ആക്ട് വകുപ്പ് 234(3) പ്രകാരം യഥാസമയം നടപടിയെടുക്കുന്നതിലുള്ള വീഴ്ചമൂലം പഞ്ചായത്തിന് കിട്ടേണ്ട ഏതെങ്കിലും നികുതിയോ മറ്റു സംഖ്യയോ കാലഹരണപ്പെടുകയും, അത്തരം

നഷ്ടത്തിന് ഉദ്യോഗസ്ഥർ കാരണമായയെന്ന് കണ്ടെത്തിയാൽ പഞ്ചായത്തിന് നഷ്ടപ്പെട്ട തുക 12% പലിശ സഹിതം ആ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണെന്ന് പ്രതിപാദിക്കുന്നതിനാൽ നഷ്ടപ്പെട്ട തുക സെക്രട്ടറിയുടെ ബാധ്യതയായി കണക്കാക്കുന്നതാണ്.

## 1-13 കെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കുന്നതിലെ അപാകങ്ങൾ പരിഹരിക്കണം

ഗ്രാമപഞ്ചായത്തിലെ കെട്ടിടങ്ങളുടെ വിവരങ്ങൾ ലഭ്യമാകുന്ന സഞ്ചയസോഫ്റ്റ് വെയറിൽ 2022-23 വർഷത്തിൽ നമ്പർ നൽകിയ കെട്ടിടങ്ങളുടെ വിവരങ്ങൾ പരിശോധിച്ചതിൽ കെട്ടിടങ്ങളുടെ പെർമിറ്റ് വിവരങ്ങൾ, ഉപയോഗക്രമം മുതലായ അവശ്യം വേണ്ട വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ലായെന്ന് കണ്ടെത്തി.അപ്രകാരം കണ്ടെത്തിയ ചില കെട്ടിടങ്ങളുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.

1.

| ഫയൽ നമ്പർ | കെട്ടിട വിസ്തീർണം | കെട്ടിട നമ്പർ |
|---|---|---|
| SC3-4682/22 | 244.51M2 | 9/8B |
| SC3-4341/22 | 105.32M2 | 8/365A |
| SC3-2569/22 | 205M2 | 10/358A |
| SC3-4739M2/22 | 34.96M2 | 12/288A |

കെട്ടിടനിർമ്മാണ പെർമിറ്റ്, കെട്ടിടത്തിന്റെ ഉപയോഗക്രമം മുതലായവ സഞ്ചയ സേഫ്റ്റ് വെയറിൽ രേഖപ്പെടുത്താതെ നമ്പർ നൽകുന്നതിന് വിശദീകരണം ലഭ്യമാക്കാൻ നൽകിയ അന്വേഷണകുറിപ്പ് 28/23 -ന് നൽകിയ മറുപടിയിൽ അപാകങ്ങൾ തുടർവർഷങ്ങളിൽ പരിഹരിക്കുന്നതാണെന്ന് അറിയിച്ചു.കെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കുന്നതിന് മുമ്പായി കെട്ടിടങ്ങളുടെ പൂർണവിവരങ്ങൾ സഞ്ചയയിൽ രേഖപ്പെടുത്തിയെന്ന് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.

2. കെട്ടിടങ്ങളുടെ കൃത്യത ഉറപ്പുവരുത്തുവാൻ ഉദ്യോസ്ഥരെ ചുമതലപ്പെടുത്തിയിട്ടില്ല.

കേരള കെട്ടിടനിർമ്മാണ ചട്ടം (12) പ്രകാരം ഒരു കെട്ടിടത്തെ സംബന്ധിച്ച് സ്ഥലത്ത് പോയി വിവരങ്ങൾ ശേഖരിച്ച് അന്വേഷണം നടത്തുവാൻ സെക്രട്ടറി ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തേണ്ടതാണ്. അപ്രകാരം ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്താത്ത പക്ഷം പഞ്ചായത്തിന് സംഭവിക്കുന്ന നികുതി നഷ്ടത്തിന് സെക്രട്ടറി ഉത്തരവാദിയായിരിക്കും. 2022-23 വർഷത്തിൽ നമ്പർ നൽകിയ കെട്ടിടങ്ങളുടെ ഫോം നമ്പർ 6 പരിശോധിച്ചതിൽ ഒരു കെട്ടിടത്തിന്റെയും ഫോം നമ്പർ 6 ഉദ്യോഗസ്ഥർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ലായെന്ന് കണ്ടെത്തി. പൂർത്തീകരിച്ച കെട്ടിടങ്ങൾ സാങ്കേതിക വിഭാഗം പരിശോധിച്ച് കെട്ടിടനിർമ്മാണ ചട്ടങ്ങൾ പാലിക്കുന്നതായി സാക്ഷ്യപ്പെടുത്തുന്നതിന്റെ അടിസ്ഥാനത്തിൽ മാത്രം നമ്പർ അനുവദിക്കുകയും അടിസ്ഥാനവിവരങ്ങൾ സഞ്ചയയിൽ രേഖപ്പെടുത്തുകയും ചെയ്യുന്നു. കെട്ടിടങ്ങളുടെ ഉപയോഗക്രമം, തറ നിർമ്മിതി,റോഡ് വീതി, മേഖല, തുടങ്ങിയ വിവരങ്ങൾ ഉദ്യോഗതലത്തിൽ പരിശോധിച്ച് രേഖപ്പെടുത്താത്തതിനാൽ കൃത്യമായ വസ്തുനികുതി പഞ്ചയാത്തിന് ലഭിച്ചതായി ഉറപ്പുവരുത്തുവാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല. കെട്ടിടനിർമ്മാണം പൂർത്തീകരിച്ച് സമർപ്പിക്കുന്ന (ഫാറം നമ്പർ-2) അപേക്ഷകൾ പ്രകാരം ഫാറം നമ്പർ 6 പരിശോധിക്കുന്നതിന് ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കാൻ നൽകിയ അന്വേഷണകുറിപ്പ് 28/23-ന് നൽകിയ മറുപടിയിൽ അപ്രകാരം ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടില്ലായെന്നും അപാകത പരിഹരിക്കുന്നതാണെന്ന് അറിയിച്ചു. നിർമ്മാണം പൂർത്തീകരിച്ച് നമ്പർ ലഭിക്കുവാൻ സമർപ്പിക്കപ്പെടുന്ന അപേക്ഷകൾ പ്രകാരം കെട്ടിടങ്ങൾ സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥർ പരിശോധിക്കുമ്പോൾ തന്നെ ഫോം നമ്പർ 6-ഉം പരിശോധിക്കുവാൻ നിർദ്ദേശം നിൽകാവുന്നതും അല്ലായെങ്കിൽ ഉദ്യോഗസ്ഥരെ നിയോഗിക്കേണ്ടതും തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-14 വസ്തുനികുതി കുടിശ്ശിക പിരിച്ചെടുക്കുവാൻ നടപടി ഊർജിതമാക്കണം.

ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തിലെ വാർഷിക ധനകാര്യപത്രിക പ്രകാരം പിരിച്ചെടുക്കുവൻ അവശേഷിക്കുന്ന വസ്തുനികുതി കുടിശ്ശിക 1813964/- രൂപയാണ്. സർക്കാർ തലത്തിൽ 100% നികുതി പിരിവ് എന്ന ലക്ഷ്യം നേടുന്നതിനായി ഇൻസെൻറ്റീവ് ഉൾപ്പടെ നൽകുന്ന അവസരത്തിൽ ലക്ഷ്യം നേടാൻ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയും, ജനറൽ കമ്മിറ്റിയും ആവശ്യമായ നിർദ്ദേശങ്ങളും, സഹകരണവും ഉദ്യോഗസ്ഥർക്ക് നൽകേണ്ടതാണ്. വസ്തുനികുതി കുടിശ്ശിക 10000/- രൂപയിൽ കൂടുതൽ വരുത്തിയ ചില കെട്ടിടങ്ങളുടെ വിവരം ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയത് ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ | കുടിശ്ശിക തുക |
|---|---|
| 1/ 341 | 21124/- |
| 1/502 | 12600/- |
| 5/144a | 19575/- |
| 5/355 | 10260/- |
| 6/431a | 14371/- |
| 8/293a | 10732/- |
| 9/416 | 16085/- |
| 11/115a | 10206/- |
| 12/415a | 50400/- |
| 12/656 | 17330/- |
| 13/229a | 14778/- |
| 13/439 | 14180/- |

| | |
|---|---|
| 13/586 | 16540/- |
| 16/6b | 22680/- |
| 16/87a | 22607/- |
| 17/587 | 15750/- |

ചുവടെ വിവരിക്കുന്ന മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി കുടിശ്ശിക ഈടാക്കിയിട്ടില്ലായെന്ന് കണ്ടെത്തി.

| ടവർ നമ്പർ | പേര് | കുടിശ്ശിക കാലയളവ് | കുടിശ്ശിക തുക |
|---|---|---|---|
| 9/120a | BSNL | 2022 ആദ്യപാദം മുതൽ 2023 ആദ്യപാദം വരെ | 7927/- |
| 12/415A | മാനേജർ ഡിഷ് നെറ്റ് | 2013 ആദ്യപാദം മുതൽ 2023 ആദ്യപാദം വരെ | 53046/- |
| 15/276 A | BSNL | 2022 ആദ്യപാദം മുതൽ 2023 ആദ്യപാദം വരെ | 7207/- |

പഞ്ചായത്ത് രാജ് നിയമം പ്രകാരം മേൽ വിവരിച്ചതും അല്ലാത്തതുമായ വസ്തുനികുതി കുടിശ്ശിക വരുത്തിയവർക്കെതിരെ സ്വീകരിച്ച നടപടികളുടെ വിവരം രേഖാമൂലം അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പ് 11/23, 34/23 -ന് നൽകിയ മറുപടിയിൽ തുടർനടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. 1997- ലെ കേരള പഞ്ചായത്ത് രാജ് രാജ് /മുൻസിപ്പാലിറ്റി (പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 12(2) പ്രകാരം ഓഫീസ് ഉത്തരവുകളുടെയും, പഞ്ചായത്ത് തീരുമാനങ്ങളുടെയും അടിസ്ഥാനത്തിൽ ഏല്പിച്ചിട്ടുള്ള കൃത്യങ്ങളിൽ വീഴ്ച വരുത്തിയത് മൂലം നഷ്ടങ്ങൾക്ക് ഉത്തരവാദി ജോലിവിഭജനം അനുസരിച്ചുള്ള ഉദ്യോഗസ്ഥനോ, ജീവനക്കാരനോ ആയിരിക്കുന്നതും ഇക്കാര്യത്തിൽ അയാളുടെ മേലുദ്യോഗസ്ഥനും, സെക്രട്ടറിയും മേൽനോട്ട പിശകിനും ഉത്തരവാദിത്തം ഉണ്ടായിരിക്കുന്നതുമാണ്. ആയതിനാൽ കെട്ടിടനികുതി കുടിശ്ശിക നിശ്ചിത സമയപരിധിയ്ക്കുള്ളിൽ ഈടാക്കുന്നതിന് ഡിമാൻഡ് നോട്ടീസുകൾ നൽകിയും റവന്യ റിക്കവറി നടപടികൾ സ്വീകരിച്ചും കുടിശ്ശിക ഇല്ലായെന്ന് ഉറപ്പുവരുത്തുവാൻ ഉദ്യാഗതലത്തിലും,ഭരണതലത്തിലും നടപടികൾ ഊർജിതമാക്കി തുടർനടപടി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 ചട്ടങ്ങൾ പാലിച്ച് സമയപരിധിക്കുള്ളിൽ പെർമിറ്റ് അപേക്ഷകൾ തീർപ്പാക്കുന്നില്ല

2019- ലെ കേരള പഞ്ചായത്ത് രാജ് കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം സെക്രട്ടറിയിൽ നിന്നും ആദ്യമേ കെട്ടിടനിർമ്മാണ അനുമതി ലഭിക്കാതെയും, കുറഞ്ഞ അപകടസാധ്യതയുള്ള കെട്ടിടങ്ങളുടെ കാര്യത്തിൽ സെക്രട്ടറിയിൽ നിന്നുള്ള അനുമതിയായി കണക്കാക്കാവുന്ന കൈപ്പറ്റ് രസീതും ലഭിക്കാതെയും ഏതൊരു വ്യക്തിയും കെട്ടിട നിർമ്മാണം നടത്തുകയോ പുനർനിർമ്മിക്കുകയോ കൂട്ടിച്ചേർക്കുകയോ, വിപുലീകരിക്കുകയോ, മാറ്റം വരുത്തുകയോ പാടില്ലാത്തതാണ്. ചട്ടം 5(1)(സി) പ്രകാരം അനുമതിയ്ക്കായി അപ്പന്റിക്സ് AIAയിലുള്ള സ്വയം സാക്ഷ്യപ്പെടുത്തലും ചട്ടം19എ യിൽ സൂചിപ്പിച്ചിട്ടുള്ള രേഖകൾ സഹിതം സെക്രട്ടറി മുമ്പാകെ ഫയൽ ചെയ്യേണ്ടതും ,അപ്രകാരം ലഭിച്ച അപേക്ഷകളിൽ അപാകങ്ങൾ ഉണ്ടെങ്കിൽ ആയത് പരിഹരിക്കുവാൻ 10 ദിവസത്തിനകം അപേക്ഷകനെ അറിയിക്കേണ്ടതുമാണ്. ചട്ടം 9, 12 പ്രകാരം അപാകങ്ങൾ പരിഹരിച്ച് രേഖകൾ ലഭ്യമായി കഴിഞ്ഞാൽ 15ദിവസത്തിനകം അപേക്ഷ അംഗീകരിക്കുകയോ നിരസിക്കുകയോ ചെയ്യേണ്ടതും, അംഗീകരിച്ചാൽ അപ്പന്റിക്സ് J2 വിലേതു പോലെ സെറ്റ് പ്ലാൻ സാക്ഷ്യപ്പെടുത്തി അപ്പന്റിക്സ് B2 പ്രകാരം ഷെഡ്യൂൾ 11പ്രകാരമുള്ള പെർമിറ്റ് ഫീസ് ഒടുക്കി പെർമിറ്റ് നൽകേണ്ടതുമാണ്. അപ്രകാരം 2022-23-ൽ പഞ്ചായത്ത് നൽകിയ പെർമിറ്റുകളുടെ വിവരങ്ങൾ അടങ്ങിയ പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ ചില അപേക്ഷകൾ നിശ്ചിത സമയപരിധിയ്ക്കുള്ളിൽ പരിശോധിച്ച് പെർമിറ്റ് നൽകയോ, സമയപരിധിയ്ക്കുള്ളിൽ നൽകാൻ സാധിക്കാത്തതിനുള്ള വിവരം പ്രസ്തുത രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ, പെർമിറ്റ് ഫയലുകളിൽ അപാകങ്ങൾ ഉണ്ടെങ്കിൽ ആയത് അപേക്ഷകനെ രേഖാമൂലം അറിയിച്ചതിന്റെ രേഖകളോ രജിസ്റ്ററിൽ ലഭ്യമല്ല. അപ്രകാരം കണ്ടെത്തിയ ഏതാനും ഫയലുകളുടെ വിവരം ചുവടെ വിവരിക്കുന്നു.

| പെർമിറ്റ് അപേക്ഷാ നമ്പർ തീയതി | സെക്രട്ടറി പെർമിറ്റ് നൽകിയ തീയതി |
|---|---|
| SC3-2450/22 31/8/2022 | 4/2/2023 |
| Sc3-2426/22 30/8/2022 | 11/10/2022 |
| Sc3-2515/22 5/9/22 | 2/4/2023 |
| Sc3-3133/22 28/9/2022 | 8/11/22 |
| Sc3-3546/22 26/10/2022 | 30/11/22 |
| Sc3-4619/22 6/12/2022 | 16-1-23 |
| Sc3-4828/22 17/12/22 | 8-3-2023 |

| | |
|---|---|
| Sc3-44/23<br>4/1/2023 | 3/5/2023 |
| Sc3-846/23<br>15-2-2023 | 18-3-2023 |
| Sc3-914/23<br>20-2-23 | 20-6--2023 |
| Sc3-1409/23<br>18/3/2023 | 4-5-2023 |
| Sc3-1306/23<br>24-3-23 | 3-5-2023 |
| Sc3-1549/23<br>25-3-2023 | 3-5-23 |
| Sc3-1600/23<br>28-3-23 | 19-5-23 |
| Sc3-1646/23<br>29/3/23 | 17-5-23 |
| Sc3-1647/23<br>29/3/23 | 15-5-23 |
| Sc3-1694/23<br>31/3/23 | 1-5-23 |
| Sc3-1700/23<br>31/3/23 | 1-5-23 |

മേൽ വിവരിച്ചതും അല്ലാത്തതുമായ പെർമിറ്റ് അപേക്ഷകൾ പരിശോധിച്ച് സമയപരിധിയ്ക്കുള്ളിൽ പെർമിറ്റ് നൽകിയിട്ടില്ലായെന്നും, കാലതാമസത്തിന് കാരണം സെക്രട്ടറി രേഖപ്പെടുത്തിയിട്ടില്ലായെന്നും രജിസ്റ്റർ പരിശോധിച്ചതിൽ വ്യക്തമായതിനെ തുടർന്ന് നൽകിയ അന്വേഷണകുറിപ്പ് 20/23 -ന് മറുപടിയിൽ ഫ്രണ്ട് ഓഫീസിൽ അപേക്ഷകൾ പരിശോധിച്ച ശേഷമാണ് അപേക്ഷകൾ സ്വീകരിക്കുന്നതെന്നും,ഒറ്റതവണ നികുതിയിലെ വിസ്തീർണത്തിലെ പേരായ്മ പരിഹരിക്കേണ്ടതിനാലും, പെർമിറ്റ് ഫീസ് അടവാക്കുന്നതിലെ കാലതാമസവും ആണ് കാരണമെന്ന് അറിയിച്ചു. അപേക്ഷകൾ സ്വീകരിക്കുമ്പോൾതന്നെ രേഖകൾ ഒത്തുനോക്കി നിയമാനുസൃതം പെർമിറ്റ് അപേക്ഷകൾ തീർപ്പാക്കാത്തതിനുള്ള നടപടിയും, അപാകങ്ങൾ പരിഹരിക്കുവാൻ അപേക്ഷകന് കത്ത് നൽകുന്നുവെങ്കിൽ ആയത് രേഖപ്പെടുത്തുവാനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-16 വസ്തുനികുതി നിർണ്ണയം-തുടർനടപടികളിലെ അപാകങ്ങൾ പരിഹരിക്കണം

A. റോഡ് മാപ്പ് അപൂർണം.

റോഡുകളുടെ പേര്, നീളം, വീതി എന്നിവ ഉൾപ്പെടുത്തിയ പഞ്ചായത്ത് തല റോഡ് മാപ്പ് തയ്യാറാക്കി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയത് ഓഡിറ്റിന് ലഭ്യമാക്കാൻ നൽകിയ അന്വേഷണകുറിപ്പ് 19/23-ന് ഹാജരാക്കിയ റോഡ് ലിസ്റ്റിൽ റോഡുകളുടെ വീതി രേഖപ്പെടുത്തിയിട്ടില്ല.

B. കെട്ടിട നിർമ്മാണം പൂർത്തീകരിച്ച ശേഷം കെട്ടിട ഉടമ സമർപ്പിക്കുന്ന ഫോറം നമ്പർ 2-ൽ (ചട്ടം (11)) സമർപ്പിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് പരിശോധന നടത്താൻ ചട്ടം12 പ്രകാരം ഫോം നമ്പർ 6-ൽ വിവര ശേഖരണം നടത്തുന്നതിന് ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തേണ്ടതാണ്. എന്നാൽ ചട്ടം 12 പ്രകാരം ഫോം നമ്പർ 6-ൽ വിവര ശേഖരണം നടത്താൻ ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തിയിട്ടില്ല.

C. 2022-23 വർഷത്തിൽ കെട്ടിടനിർമ്മാണ ചട്ടം 96 പ്രകാരം നടപടിയെടുത്ത കെട്ടിടങ്ങളുടെ വിവരം സൂക്ഷിച്ചിട്ടില്ല.

D. കെട്ടിടനിർമ്മാണ ചട്ടം 104 പ്രകാരം ഓരോ 3 മാസവും കൂടുമ്പോൾ കെട്ടിടനിർമ്മാണം, പെർമിറ്റ്, അനധീകൃത കെട്ടിടങ്ങളുടെ നിർമ്മാണം എന്നിവ സംബന്ധിച്ച് സെക്രട്ടറി സർക്കാറിന് റിപ്പോർട്ട് നൽകേണ്ടതാണ്. എന്നാൽ 2022-23 വർഷത്തിൽ അപ്രകാരം റിപ്പോർട്ട് തയ്യാറാക്കി സർക്കാറിന് നൽകിയിട്ടില്ല.

E. കെട്ടിടങ്ങളുടെ പോസ്റ്റ് ഒക്യൂപൻസി ഓഡിറ്റ് വിവരങ്ങൾ ലഭ്യമാക്കിയില്ല.

2019 -ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ Rule 21 പ്രകാരം രണ്ട് നിലവരെയുള്ള വാസഗൃഹങ്ങൾ, 50 ച മീറ്റർ വരെയുള്ള വാണിജ്യ കെട്ടിടങ്ങൾ, ആരാധന കെട്ടിടങ്ങൾ, GI G2, I ഒക്യൂപൻസികൾ ഒഴികെ എന്നിവ ഒഴികെയുള്ള കെട്ടിടങ്ങൾക്ക് ഒക്യൂപൻസി സർട്ടിഫിക്കറ്റുകൾ നൽകി 2 വർഷത്തിനുള്ളിൽ സെക്രട്ടറിക്ക് പോസ്റ്റ് ഒക്യൂപൻസി ഓഡിറ്റ് നടത്തുന്നതിന് അധികാരം ഉണ്ട്. എന്നാൽ പോസ്റ്റ് ഒക്യൂപൻസി ഓഡിറ്റ് നടത്തിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

## 1-17 നികുതി വരുമാന ശേഖരണം - അവലോകനം

ആറാം ധനകാര്യ കമ്മീഷന്റെ രണ്ടാം റിപ്പോർട്ടിലെ നിർദ്ദേശം അനുസരിച്ച് പഞ്ചായത്തിലെ വിഭവസമാഹരണത്തിന്റെ വ്യപ്തിയും ആയതിന് സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ രേഖകളുടെയും, രജിസ്റ്ററുകളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ച് ലഭ്യമാക്കാൻ നൽകിയ 6/2023-ന് പഞ്ചായത്ത് ലഭ്യമാക്കിയ മറുപടി ക്രോഡീകരിച്ച് ചുവടെ ചേർക്കുന്നു.

ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ പ്രവർത്തനം

1. പുതിയ നികുതി വരുമാനം സംബന്ധിച്ച നിർദ്ദേശങ്ങൾ 2022-23 കാലയളവിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ല. കൂടുതൽ സർചാർജ്ജുകൾ (കുടിവെള്ളം, സ്ട്രീറ്റ് ലൈറ്റ്) ചുമത്തുന്നതിനായി വരും വർഷത്തെ ബജറ്റിൽ ആയത് ഉൾപ്പെടുത്തി നികുതി വരുമാനം വർദ്ധിപ്പിക്കാൻ നടപടി നിലവിൽ സ്വീകരിച്ചിട്ടില്ലായെന്നും അറിയിച്ചു.

2. ബജറ്റും വരവുകളുമായുള്ള അന്തരം ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി പരിശോധിക്കുകയോ ആയത് പരിഹരിക്കുന്നതിന് വേണ്ട നിർദ്ദേശങ്ങൾ നൽകിയതായി കാണുന്നില്ല.

3.കെട്ടിട നികുതി, തൊഴിൽ നികുതി പരിച്ചെടുക്കുവാൻ നോട്ടീസുകൾ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നതായി അറിയിച്ചു. ക്യാമ്പ് കളക്ഷൻ, നോട്ടീസ് നൽകൽ, റവന്യ റിക്കവറി ഉൾപ്പെടെയുള്ള മാർഗ്ഗങ്ങളിലൂടെ വസ്തു നികുതി കുടിശ്ശിക പൂർണ്ണമായും പിരിച്ചെടുക്കാൻ പഞ്ചായത്തിന് സാധിച്ചിട്ടില്ല. വാർഷിക ധനകാര്യപത്രിക പ്രകാരം കെട്ടിടനികുതിയിനത്തിൽ കുടിശ്ശികയായി 1813964/- രൂപ പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നു. പ്രസ്തുത കുടിശ്ശിക തുക പിരിച്ചെടുക്കുവാൻ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി നിർദ്ദേശങ്ങൾ നൽകിയെങ്കിലും ക്രിയാത്മക നടപടികൾ ശുപാർശ ചെയ്തിട്ടില്ല.

4. ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി പ്രത്യേക തീരുമാനപ്രകാരം 01.04.2023 ലെ വസ്തു നികുതി പരിഷ്ക്കരണ നിരക്കുകൾ നടപ്പിലാക്കാൻ ജനറൽ കമ്മറ്റിക്ക് ശുപാർശ ചെയ്തതായ വിവരം തീരുമാന നമ്പർ സഹിതം ലഭ്യമാക്കിയിട്ടില്ല.

5. വിവിധയിനം നികുതി നികുതിയേതര വരവുകളുടെ ഡിമാന്റിംഗ്, പിരിവ് പുരോഗതി ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ ചർച്ച ചെയ്തതായി മിനിട്സിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും, വസ്തുനികുതി പിരിവ് പ്രത്യേക അജണ്ടയായി ഉൾപ്പെടുത്തി പ്രത്യേക യോഗങ്ങൾ ചേരുന്നിട്ടില്ല.

വസ്തുനികുതി

1.100% വസ്തുനികുതി പിരിവ് കൈവരിക്കാൻ മുൻവർഷങ്ങളിലും 2022-23സാമ്പത്തിക വർഷത്തിലും ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടില്ല. കെട്ടിട നികുതിയിനത്തിൽ കുടിശ്ശികയായി 1813964/-രൂപ പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നു.ആയതിനാൽ വസ്തുനികുതിയുടെ പിരിവ് ഊർജിതമാക്കാൻ ഉദ്യോഗതലത്തിലും ഭരണതലത്തിലും നടപടി സ്വീകരിക്കേണ്ടതാണ്.

2. ബജറ്റിലെ പ്രതീക്ഷിത വരവ്, ഐ എൽ ജി എം എസ് വരവ്, സഞ്ചയ വരവ് എന്നിവ പൊരുത്തപ്പെടുന്നില്ല. ഡി.സി.ബി.ലേയും വാർഷിക ധനകാര്യ പത്രികയിലേയും വസ്തുനികുതി ബാലൻസ് പൊരുത്തപ്പെടുന്നില്ല. E-payment വഴി വരുന്ന എല്ലാ വരവുകളും മാർച്ച് 31 ന് ബാങ്കിൽ ക്രെഡിറ്റ് ആകുന്നില്ല. അതിനാൽ സഞ്ചയയിലെ വരവും ILGMS വരവും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

3.സ.ഉ.(അച്ചടി) 25/2023 /തസ്വഭവ, തീയതി 5/4/2023 പ്രകാരം നിശ്ചയിച്ച് വിജ്ഞാപനം ചെയ്തിട്ടുള്ള അടിസ്ഥാന വസ്തുനികുതി നിരക്കുകൾ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചതായി അറിയിച്ചുവെങ്കിലും മേൽ നിരക്കുകൾ ഭരണ സമിതി അംഗീകരിച്ച് അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചതായ തീരുമാന നമ്പർ, തീയതി എന്നിവ ലഭ്യമാക്കിയില്ല.

4. മേഖലാ വിഭജനം സംബന്ധിച്ച പുതിയ വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുണ്ട്. റോഡ് മാപ്പ് തയ്യാറാക്കിയിട്ടുണ്ടെങ്കിലും റോഡുകളുടെ വീതി രേഖപ്പെടുത്തിയിട്ടില്ല.

5. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 207, വിവിധ സർക്കാർ ഉത്തരവുകൾ എന്നിവ പ്രകാരം നിശ്ചയിച്ചിട്ടുള്ള ഇളവുകൾക്ക് പുറമേ മറ്റ് കെട്ടിടങ്ങൾക്ക് നിയമാനുസൃതമല്ലാതെ വസ്തു നികുതി ഇനത്തിൽ ഇളവ് നൽകിയില്ലായെന്നും, നികുതി ചോർച്ച തടയുന്നതിനായി ഫീൽഡ് പരിശോധനകൾ നടത്തിയിട്ടുണ്ടെന്നും അറിയിച്ചു. എന്നാൽ ഉദ്യോഗതല ഫീൽഡ് പരിശോധന നടത്തി കൂട്ടിച്ചേർക്കപ്പെട്ട കെട്ടിടങ്ങൾക്ക് ടാക്സ് റിവിഷൻ നടത്തിയതിന്റെ വിവരംലഭ്യമാക്കിയിട്ടില്ല.

6. തദ്ദേശ സ്ഥാപന പരിധിയിലുള്ള എല്ലാ മൊബൈൽ ടവറുകളിൽ നിന്നും നികുതി കുടിശ്ശിക ഇല്ലാതെ ഈടാക്കുന്നതിന് ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടില്ല.

7. പഞ്ചായത്തിൽ നിലവിൽ സേവനഉപനികുതി ചുമത്തുന്നില്ല. പുതിയ സേവന നികുതി മാർഗ്ഗങ്ങൾ ധനകാര്യ കമ്മിറ്റിയിൽ ചർച്ച ചെയ്തിട്ടില്ല.

8. ILGMSൽ ക്യാൻസൽ ചെയ്യുന്ന എല്ലാ രസീതുകളും സഞ്ചയയിൽ ക്യാൻസൽ ചെയ്യുന്നുണ്ടെന്നും,കൂടാതെ എല്ലാ മാനുവൽ രസീതുകളും സഞ്ചയയിൽ രേഖപ്പെടുത്തുന്നുണ്ടെന്നും സെക്രട്ടറി സാക്ഷ്യപ്പെടുത്തി നൽകിയിട്ടുണ്ട്.

9. തദ്ദേശസ്ഥാപന പരിധിയിലെ സർക്കാർ/സർക്കാർ കെട്ടിടങ്ങളുടെ വിവരം ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. ആയതിനാൽ കേന്ദ്രസർക്കാർ സ്ഥാപനങ്ങളിൽ നിന്നും സർചാർജ് ഈടാക്കുന്നതിന്റെ വിവരവും ലഭ്യമല്ല.

10. കെട്ടിടങ്ങളുടെ പെർമിറ്റ്, നമ്പറിംഗ് എന്നിവ ഒരേ ഫയലിൽ സൂക്ഷിക്കുന്നില്ല.

തൊഴിൽനികുതി

1. തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരമുള്ള ഡിമാൻറ് നോട്ടീസ് നൽകുകയും നടപടികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

2. തൊഴിൽ നികുതി അടയ്ക്കാനുള്ള ജീവനക്കാരുടെ ഡാറ്റാബേസ് സൂക്ഷിക്കുന്നതായി ബോധ്യപ്പെടുത്താൻ പഞ്ചായത്തിന് സാധിച്ചിട്ടില്ല. മുഴുവൻ റേഷൻവ്യാപാരികൾ,മരാമത്ത് കരാറുകാർ എന്നിവരിൽ നിന്നും നിയമാനുസൃത നികുതി ഈടാക്കിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

3. തൊഴിലുടമ നല്കുന്ന നികുതി പത്രികകൾ പരിശോധിച്ച ശേഷമാണോ നികുതി ഈടാക്കുന്നത് എന്നത് വ്യക്തമല്ല. തൊഴിലുടമ നല്കുന്ന നികുതി പത്രികകളുടെ കൃത്യത പരിശോധിക്കാൻ സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കിയിട്ടില്ല.

4. ഗ്രാമപഞ്ചായത്ത് പരിധിയിലെ മുഴുവൻ വാണിജ്യാവശ്യ കെട്ടിടങ്ങളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ലൈസൻസ് നൽകുന്ന വഴി പൂർണതോതിൽ വരുമാനം ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ സാധ്യമാകുന്നില്ല.

5. തൊഴിൽ നികുതി രജിസ്റ്റർ പ്രകാരമുള്ള കളക്ഷൻ വിവരങ്ങളും വാർഷിക ധനകാര്യ പത്രികയിലെ വിവരങ്ങളും പൊരുത്തപ്പെടുന്നതായി പഞ്ചായത്ത് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

6. ഇൻഡോർ ക്ലബ്, ടർഫ് കോർട്ട്, സ്റ്റേഡിയങ്ങൾ, കേബിൾ, ടി.വി.നെറ്റ് വർക്ക്, പ്രദർശന വിപണന മേള എന്നിവയിൽ നിന്നും വിനോദനികുതി ഈടാക്കുവാനുള്ള സാധ്യത ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയോ, ഭരണസമിതിയോ ശുപാർശ ചെയ്തിട്ടില്ല.

7. പഞ്ചായത്തിന് സ്വന്തമായ ആസ്തികളുടെ ഭൗതിക പരിശോധന നടത്തി കാലികമായ ആസ്തി രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

ഓഡിറ്റ് ശുപാർശകൾ

നികുതി വരുമാനം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള ക്രിയാത്മക നടപടികൾ സ്വീകരിക്കേണ്ടുന്ന വിഷയം ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-18 ഫയലുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല

2022-23 വർഷത്തിൽ പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച തീരുമാനങ്ങൾ പരിശോധിച്ചതിൽ പ്രകാരം ചുവടെ വിവരിക്കുന്ന ഫയലുകളും, അധിക വിവരങ്ങൾ ലഭ്യമാക്കാൻ അന്വേഷണകുറിപ്പ് 8/23 പ്രകാരം ആവശ്യപ്പെട്ടു.

1. ഭരണസമിതിയുടെ 20/5/2022- ലെ തീരുമാന പ്രകാരം കേബിൾ ഇടുന്നതിനായി റോഡ് കട്ടിംഗ് ചാർജ് ഇനത്തിൽ 66390/- രൂപ അടവാക്കാൻ അനുവദിച്ചു. പ്രസ്തുത തുക അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കാനും,

2. A1/1250/22നമ്പർ ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കാനും,

3. JC/3663/22നമ്പർ ഫയൽ ഓഡിറ്റിന് ലഭ്യമാക്കാനും,

4. ജനറൽ കമ്മിറ്റി 8/3/2023-ലെ തീരുമാനം 2 ആയി അംഗീകരിച്ച C4/38/2023/ഡി.ഒ.റ്റി. ഫയൽ പ്രകാരം മിഷൻ അന്ത്യോദയ സർവ്വെ റിസോഴ്സ് പേഴ്സൺ തയ്യാറാക്കിയ സർവ്വെ റിപ്പോർട്ടും ഓഡിറ്റിന് ലഭ്യമാക്കാനും ആവശ്യപ്പെട്ടുവെങ്കിലും ഫയലുകളോ, വിശദീകരണമോ ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയില്ല. ഓഡിറ്റ് ആവശ്യപ്പെട്ട ഫയലുകളും, വിശദീകരണവും ലഭ്യമാക്കേണ്ടതാണ്.

## 1-19 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല-781945/- രൂപ തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 2022-23 സാമ്പത്തിക വർഷം നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ പേര്/നമ്പർ | അടവാക്കിയതുക (ബിൽ നമ്പർ ) | നിർവഹണ ഏജൻസി/തുക നൽകിയ സ്ഥാപനം |
|---|---|---|---|
| 1 | എസ്.എസ്.എ വിഹിതം (SO103/23) | 400,000 (Bill No.10/22-23 Dtd 28.9.22) | ബ്ലോക്ക് പ്രോജക്ട് കോർഡിനേറ്റർ |
| 2 | ജില്ലാആസൂത്രണ സമിതി സെക്രട്ടറിയേറ്റ് നിർമ്മാണം ബ്ലോക്ക് വിഹിതം (S0101/23) | 3,00,000/- (Bill No.25/22-23 Dtd 23.9.22) | മെമ്പർ സെക്രട്ടറി, ജില്ലാ ആസൂത്രണ സമിതി |
| 3 | IKM ന് തുക നല്കൽ (SO104/23) | 81945/- (73995 Bill No.14/22-23 Dtd 28.9.22 7950 Bill No. 22/22-23 Dtd 27.3.23) | ഡയറക്ടർ, ഐ.കെ.എം |
| | ആകെ | 7,81,945/- | |

7,81,945/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ചെലവു തുക തടസപ്പെടുത്തുന്നു.

## 1-20 തദ്ദേശഭരണ സ്ഥാപനതല കായിക വികസനം ഗെയിംസ് ഫെസ്റ്റിവൽ പദ്ധതി നടത്തിപ്പിലെ അപാകതകൾ

പദ്ധതി നമ്പർ : 194/23

പദ്ധതിയുടെ പേര് : തദ്ദേശഭരണ സ്ഥാപനതല കായിക വികസനം ഗെയിംസ് ഫെസ്റ്റിവൽ

അടങ്കൽ തുക – 120000/- (തനത് ഫണ്ട്)

ചെലവ് തുക – 56580/-

ബില്ലുകൾ - 1) Ch.no.1661575/dtd15.11.22, Amt - 30390/-
2) Ch.no.1661596/dtd 25.1.23, Amt - 26190/-

നിർവ്വഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

പദ്ധതി വിഭാവനം

യുവജന ക്ലബ്ബുകളിൽ നിന്നും വോളിബോൾ, ഫുട്ബോൾ, ക്രിക്കറ്റ്, കബഡി എന്നീ ഗെയിമുകളുടെ ടീം രൂപീകരിച്ച് സെലക്ഷൻ ട്രയൽസും ചാമ്പ്യൻഷിപ്പും സംഘടിപ്പിച്ച് ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുന്ന ടീമുകളിൽ നിന്നും ഏറ്റവും നല്ല കളിക്കാരെ ഉൾപ്പെടുത്തി ടീം രൂപീകരിക്കുന്നതിനും വേണ്ടി തയ്യാറാക്കിയ പദ്ധതി.

ഫയലും അനുബന്ധ രേഖകളും പരിശോധിച്ചതിൽ താഴെപറയുന്ന അപാകതകൾ കാണുന്നു.

1. പതിനാലാം പഞ്ചവൽസര പദ്ധതി സബ്സിഡി മാർഗ്ഗരേഖയുടെ ഖ.7.7.1(3) അനുസരിച്ച്, (തദ്ദേശസ്വയം ഭരണ വകുപ്പിന്റെ 28.5.2022 -ലെ സ.ഉ.(കൈ)നം. 115/2022/LSGD നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചത്) ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള യുവജന ക്ലബ്ബുകളിൽ നിന്നു ടീം രൂപീകരിച്ച് ട്രയൽസ് കം ചാമ്പ്യൻഷിപ്പ് നടത്തേണ്ടതും, ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുന്ന ടീമുകളിൽ നിന്നും ഏറ്റവും നല്ല കളിക്കാരെ ഉൾപ്പെടുത്തി ടീം രൂപീകരിക്കുന്നതിനുമാണ് നിർദ്ദേശിച്ചിരിക്കുന്നതെങ്കിലും ട്രയൽസ് കം ചാമ്പ്യൻഷിപ്പ് നടത്തി ടീം രൂപീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമല്ല.

2. സെലക്ഷൻ ട്രയിൽസിൽ എത്ര ടീമുകൾ/ക്ലബ്ബുകൾ പങ്കെടുത്തിട്ടുണ്ട് എന്ന് രേഖകളിൽ കാണുന്നില്ല.

3. പതിനാലാം പഞ്ചവൽസര പദ്ധതി സബ്സിഡി മാർഗ്ഗരേഖയുടെ ഖ.7.7.1(3) അനുസരിച്ച്, (തദ്ദേശസ്വയം ഭരണ വകുപ്പിന്റെ 28.5.2022 -ലെ സ.ഉ.(കൈ)നം. 115/2022/LSGD പദ്ധതി പ്രകാരം) തിരഞ്ഞെടുത്ത ടീമിനെ ഒരു മാസം പരിശീലനവും സർട്ടിഫിക്കറ്റും നല്കണമെന്ന് പറയുന്നുണ്ട്. എന്നാൽ പരിശീലനം നല്കിയ വിവരങ്ങൾ ഫയലിൽ കാണുന്നില്ല.

മേൽ വിഷയം ചൂണ്ടികാണിച്ച് നല്കിയ എൻക്വയറി നമ്പർ 27 ന് ട്രയൽസ് കം ചാമ്പ്യൻഷിപ്പ് നടത്തിയതായും, 8 ടീമുകൾ പങ്കെടുത്തതായി സൂചിപ്പിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ രേഖകൾ ലഭ്യമാക്കിയില്ല. കൂടാതെ തിരഞ്ഞെടുത്ത ടീമിനെ ഒരു മാസം പരിശീലനം നല്കിയിട്ടില്ലായെന്നും മറുപടി നല്കി. ഭാവിയിൽ സബ്സിഡി മാർഗ്ഗരേഖയിൽ നിഷ്കർഷിക്കുന്ന രീതിയിൽ പദ്ധതി വിഭാവനം ചെയ്യുന്നതിനും നടപ്പിലാക്കുന്നതിനും നിർവ്വഹണഉദ്യോഗസ്ഥരും പഞ്ചായത്ത് അധികൃതരും ശ്രദ്ധിക്കേണ്ടതാണ്.

## 1-21 ഇ- ടെണ്ടർ ഫോറവില ഗ്രാമപഞ്ചായത്തിന് ലഭ്യമായിട്ടില്ല

അഞ്ചു ലക്ഷം രൂപയിലധികം അടങ്കലുള്ള കരാർ പ്രവൃത്തികൾ ഇ-ടെൻഡർ നടപടിക്രമങ്ങൾ പാലിച്ചാണ് നടപ്പാക്കേണ്ടതെന്ന് ധനകാര്യ വകുപ്പിന്റെ 30.4.2015-ലെ ജി.ഒ.(പി) 1288/15 നമ്പർ ഉത്തരവിലൂടെ സർക്കാർ വ്യക്തമാക്കിയിരുന്നു. ഇതനുസരിച്ച് നടപ്പിലാക്കുന്ന മരാമത്ത് പ്രോജക്ടുകളുടെ ടെണ്ടർ ഫോം വിലയും നിരതദ്രവ്യവും ഓൺലൈൻ പേയ്മെന്റ് സംവിധാനത്തിലൂടെ ജില്ലാപഞ്ചായത്തിലെ മരാമത്തു വിഭാഗം എക്സിക്യൂട്ടീവ് എൻജിനിയറുടെ അക്കൗണ്ടിലേക്കാണ് ഒടുക്കുന്നത്.

2022-23 വർഷം ഇ-ടെണ്ടർ ഫീസിനത്തിൽ ലഭിച്ച 134140/- രൂപ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൌണ്ടിൽ ഒടുക്കിയിട്ടുള്ളതാണെന്നും ടി തുക അതിയന്നൂർ ഗ്രാമപഞ്ചായത്തിന്റെ തനത് അക്കൌണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യാനുള്ള കത്ത് നൽകിയിട്ടുള്ളതായും ഓഡിറ്റ് അന്വേഷണത്തിന് (നം. 2/11.09.2023) അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി ലഭ്യമാക്കി.

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 17.08.2017-ലെ ഡി.ബി.1/7942/2010/സി.ഇ/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും (ബ്ലോക്ക്/ഗ്രാമപഞ്ചായത്തുകൾ) എഞ്ചിനീയറിംഗ് വകുപ്പ് മേധാവികൾ ഇ-ടെണ്ടറുമായി ബന്ധപ്പെട്ട ഇടപാടുകൾ നടത്തുന്നതിന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ശാഖയിൽ ഔദ്യോഗിക മേൽവിലാസത്തിൽ ഒരു കറന്റ് അക്കൗണ്ട് ആരംഭിക്കണമെന്ന് നിർദേശിച്ചിട്ടുണ്ട്. എന്നാൽ അതിയന്നൂർ ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ബാങ്ക് അക്കൗണ്ട് ആരംഭിച്ചിട്ടില്ല.

ഇ-ടെണ്ടർ ഫീസ് ഈടാക്കുന്നത് സംബന്ധിച്ചുള്ള സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതും തുടർനടപടി വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നം. 10/12.09.2023).

## 1-22 ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല

2003 കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം പ്രകൃതിക്ഷോഭങ്ങൾ, അഗ്നിബാധ, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്ന നിർദ്ധനരായ പഞ്ചായത്തു നിവാസികൾക്ക് അടിയന്തിരസഹായം നൽകുന്നതിനായി ഒരു ദുരിതാശ്വാസനിധി രൂപീകരിക്കാവുന്നതാണ്.

കലാ കായിക വിനോദ പരിപാടികൾ സംഘടിപ്പിച്ചും, വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവരിൽ നിന്നും സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസ നിധിയിലേക്ക് ധനം സ്വരൂപിക്കാവുന്നതാണ്. നിധി കൈകാര്യം ചെയ്യുന്നതിനായി പ്രസിഡന്റ്, സെക്രട്ടറി, ഒരു മെമ്പർ എന്നിവരടങ്ങുന്ന ഒരു സബ്കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. ദുരന്തമനുഭവിക്കുന്ന അർഹരായ വ്യക്തികൾക്ക് 500/- രൂപ വരെ അടിയന്തിര സഹായം ലഭ്യമാക്കുവാൻ ചട്ടം വ്യവസ്ഥ ചെയ്യുന്നു. എന്നാൽ ഗ്രാമ പഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം. 4/11.09.2023) 2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരമുള്ള ദുരിതാശ്വാസ നിധി രൂപീകരിച്ച് അർഹതപ്പെട്ടവർക്ക് ധനസഹായം നൽകാൻ വേണ്ട നടപടികൾ ഗ്രാമപഞ്ചായത്ത് കമ്മിറ്റി കൈക്കൊള്ളാവുന്നതാണ്.

## 1-23 പദ്ധതി നടത്തിപ്പിലെ അപാകത - 263600/- രൂപ തടസ്സപ്പെടുത്തുന്നു

2022-23 സാമ്പത്തിക വർഷം കൃഷി ഓഫീസർ നടപ്പിലാക്കിയ പദ്ധതികൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. പ്രോജക്ടിന്റെ പേര്/നമ്പർ - വാഴകൃഷി (വനിത) S0049/23 (സ്പിൽ ഓവർ)

അടങ്കൽ തുക - 58000/- രൂപ

ചെലവ് തുക - 58000/- രൂപ (ബിൽ നമ്പർ 1/23 തീ.3.6.22)

സബ്സിഡി മാർഗ്ഗരേഖ ഖ.6.1.4 (സ.ഉ(കൈ) നം.22/2018/തസ്വഭവ തീ.14.02.2018) പ്രകാരം കൃഷി വകുപ്പ് ഫാമുകളിൽ നിന്നോ, നാഷണൽ സീഡ് കോർപ്പറേഷൻ കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി VFPCK, വിവിധ പദ്ധതികളിൽ സ്ഥാപിച്ചിട്ടുള്ള

നഴ്സറികൾ സീഡ് മൾട്ടിപ്ലിക്കേഷൻ യൂണിറ്റുകൾ എന്നിവയിൽ നിന്നും വാഴക്കന്നുകൾ ഗുണമേന്മ ഉറപ്പാക്കി വാങ്ങുന്നതിനാണ് നിഷ്കർഷിച്ചിരിക്കുന്നത്. എന്നാൽ പ്രസ്തുത പദ്ധതിയുടെ പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ, വാഴ തൈകൾ സ്വകാര്യ വ്യക്തികളിൽ നിന്നും വാങ്ങിയിരിക്കുന്നു. പരാമർശിത വിഷയം ചൂണ്ടികാണിച്ച് നൽകിയ എൻക്വയറി നമ്പർ 40 ന് വാഴക്കന്ന് മറ്റ് കർഷകരിൽ നിന്നും വാങ്ങിയതായും, ജൈവവളം വാങ്ങിയതിനാണ് സബ്സിഡി നല്കിയിട്ടുള്ളത് എന്നാണ് സൂചിപ്പിച്ചിരിക്കുന്നത്. വാഴകൃഷി പ്രോത്സാഹിപ്പിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ആകയാൽ മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിരിക്കുന്ന രീതിയിൽ വാഴക്കന്ന് വാങ്ങുന്നതിനാണ് സബ്സിഡി അനുവദിക്കേണ്ടത്. ആയതിനാൽ എൻക്വയറിക്ക് നൽകിയ മറുപടി ഓഡിറ്റിന് അംഗീകരിക്കാവുന്നതല്ല.

2. പ്രോജക്ടിന്റെ പേര്/നമ്പർ - സമഗ്ര പുരയിടകൃഷി (SO128/23)
അടങ്കൽ തുക - 635200/- രൂപ
ചെലവ് തുക - 205600/- രൂപ
(ബിൽ നമ്പർ 7/23 തീ.29.3.23 Amt-12728, ബിൽ നമ്പർ 5/23 തീ.28.3.23 Amt-46176, ബിൽ നമ്പർ 6/23 തീ.29.3.23 Amt-29896/-, ബിൽ നമ്പർ 4/23 തീ.13.3.23 Amt-58000, Ch.no.675944 തീ.30.3.23 Amt-58800/-)

പ്രസ്തുത പദ്ധതി വളം, വിത്ത് എന്നിവ കർഷകർക്ക് വിതരണം നടത്തുന്നതിനാണ് വിഭാവനം ചെയ്തിരിക്കുന്നത്. സബ്സിഡി മാർഗ്ഗരേഖ (സ.ഉ(കൈ) നം.115/2022/തസ്വഭവ തീ.28.5.2022) ഖ.6.1.1(3) പ്രകാരം കൃഷിക്കാർ ജൈവവളങ്ങൾ നേരിട്ട് വാങ്ങി അതിന്റെ ബിൽ നിർവ്വഹണ ഉദ്യോഗസ്ഥയ്ക്ക് നൽകുന്ന മുറയ്ക്ക് സബ്സിഡി അനുവദിക്കാവുന്നതാണ്. എന്നാൽ മേൽ പദ്ധതി ഫയൽ പരിശോധിച്ചതിൽ കൃഷിക്കാർക്ക് വളം വിതരണം ചെയ്തതിന് സബ്സിഡിയിനത്തിലെ തുക നേരിട്ട് സഹകരണ സംഘത്തിന് നല്കുകയാണ് ചെയ്തത്. പ്രസ്തുത വിഷയം ചൂണ്ടികാണിച്ച് നൽകിയ എൻക്വയറി നമ്പർ 40 ന് സഹകരണ സംഘം വഴി വളം നല്കിയതിനാൽ എല്ലാ കർഷകരും വളം ഉപയോഗിച്ച എന്ന് ഉറപ്പാക്കുന്നതിന് സാധിച്ചു എന്നാണ് മറുപടി നൽകിയത്. സബ്സിഡി മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ലാത്തതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 1-24 കംപ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ ലഭ്യമായില്ല- 1,27,616/- രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം., പേര് - 274/23, LSGD Section AE ഓഫീസിലേയ്ക്ക് കംപ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ

നിർവഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ (എൽ എസ് ജി ഡി)

അടങ്കൽ - 197646/- (141734/- മെയിന്റനൻസ് ഫണ്ട് റോഡിതരം,
55962/- വികസന ഫണ്ട് പൊതുവിഭാഗം സാ.ധാ)

ചെലവ് - 1,85,232/- (43498/– എ.സി.ആർ ബിൽ നം. 305/25.03.23
141734/- എ.സി.ആർ ബിൽ നം. 304/25.03.23)

പ്രോജക്ട് നിർവഹണം സംബന്ധിച്ച അപാകതകൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് രൂപീകരണ ഫോറം പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർ ഓഫീസിലേയ്ക്ക് കംപ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ (2 ഡെസ്ക്ടോപ്പ്, 3 പ്രിന്റർ) വാങ്ങുന്നതിനായാണ് തുക വകയിരുത്തിയിരിക്കുന്നത്.

എന്നാൽ 1 ലാപ്ടോപ്പ്, 2 ഡെസ്ക്ടോപ്പുകൾ, 1 പ്രിന്റർ എന്നിവയുടെ ഇൻവോയിസുകളാണ് കെൽട്രോണ് ലഭ്യമാക്കിയിരിക്കുന്നത്. ആവശ്യപ്പെട്ട എല്ലാ ഉപകരണങ്ങളും കെൽട്രോണിൽ നിന്നും ലഭ്യമായിട്ടുമില്ല.

ഫയലിലെ രേഖകൾ പ്രകാരം നാളിതുവരെ 1 ലാപ്ടോപ്പ് (57,616/- രൂപ) മാത്രമേ ലഭ്യമായിട്ടുള്ളൂ (സ്റ്റോക്ക് രജിസ്റ്റർ ലഭ്യമാക്കിയില്ല). 127616/- രൂപയുടെ ഉപകരണങ്ങൾ ലഭ്യമാകാനുണ്ട്. ഓഡിറ്റിന് ലഭ്യമാക്കിയ CPRCS ൽ നിന്നുള്ള വർക്ക് ഓർഡർ ന്റെ റിപ്പോർട്ട് പ്രകാരം ഡെസ്ക്ടോപ്പ്, പ്രിന്റർ എന്നിവയുടെ Approval Status "Rejected" എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ടെക്നിക്കൽ ഇഷ്യൂസ് കാരണമാണ് ഇത് സംഭവിച്ചതെന്നും വാങ്ങൽ കാലയളവിന്റെ വാലിഡിറ്റി (19.10.23) കാലാവധിക്കുള്ളിൽ ടെക്നിക്കൽ ഇഷ്യൂസ് പരിഹരിച്ച് മറ്റ് ഉപകരണങ്ങൾ വാങ്ങുവാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും ഓഡിറ്റ് അന്വേഷണത്തിന് (നം. 41/19.09.2023) മറുപടി ലഭ്യമാക്കി.

ഡെസ്ക്ടോപ്പ്, പ്രിന്റർ എന്നിവ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും പ്രോജക്ട് മുഖേന ലഭ്യമായ ഉപകരണങ്ങൾ സ്റ്റോക്കിലെടുത്ത് ഓഡിറ്റിന് ലഭ്യമാക്കുന്നതുവരെ ലഭ്യമാകാനുള്ള ഉപകരണങ്ങളുടെ വിലയായ 127616/- രൂപ തടസ്സപ്പെടുത്തുകയും ചെയ്യുന്നു.

## 1-25 കേരള വാട്ടർ അതോറിറ്റിയിൽ നിന്നും റോഡ് കട്ടിംഗ്/റീസ്റ്റോറേഷൻ ചാർജസ് ലഭ്യമായില്ല

2022-23 സാമ്പത്തിക വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി പുത്തൻകുളം കാവുങ്കൽ റോഡ് പുനരുദ്ധാരണം എന്ന പ്രവർത്തി (156/23) റോഡ് സംരക്ഷണ ഗ്രാന്റിൽ നിന്നും 8,07,948/- രൂപ ചെലവഴിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം പ്രസ്തുത റോഡ് വെൺപകൽ, കാവുങ്കൽ പുത്തൻകുളം എന്നിവയെ യോജിപ്പിക്കുന്ന പ്രധാനപ്പെട്ട റോഡാണെന്നും കേരള വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ ഇടുന്നതുമായി ബന്ധപ്പെട്ട പ്രവർത്തികൾ കാരണം റോഡ് Severly Damaged ആണെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. പ്രോജക്ടിന്റെ മുഴുവൻ ചെലവും ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്നുമാണ് ചെയ്തിരിക്കുന്നത്.

കേരള വാട്ടർ അതോറിറ്റി ജലജീവൻ പദ്ധതിയുടെ ഭാഗമായി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ നടത്തിയപ്പോൾ, ഗ്രാമപഞ്ചായത്ത് പരിധിയിലെ വിവിധ റോഡുകൾ പൊളിച്ചതിലൂടെ ഗ്രാമപഞ്ചായത്തിന് നഷ്ടം സംഭവിച്ചത് തിട്ടപ്പെടുത്തി, റോഡ് കട്ടിംഗ്/റസ്റ്റോറേഷൻ ചാർജ് ഇനത്തിൽ വാട്ടർ അതോറിറ്റിയിൽ നിന്നും തുക ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 33/16.09.2023) ലഭ്യമായ മറുപടിയിലൂടെ വ്യക്തമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

"അതിയന്നൂർ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ജലജീവൻ പദ്ധതി പ്രകാരവും അതിയന്നൂർ-കോട്ടുകാൽ കുടിവെള്ള പദ്ധതി പ്രകാരവും നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതികളുടെ നിർമാണപ്രവർത്തികളുടെ ഭാഗമായി 32 കിലോമീറ്റർ ദൂരം ടാർ റോഡും 24 കി.മീ ദൂരം കോൺക്രീറ്റ് റോഡും 1 മീ. വീതിയിൽ പൊളിച്ചാണ് മേൽ പരാമർശിച്ച പദ്ധതികൾക്കായി പൈപ്പ് ലൈൻ സ്ഥാപിച്ചിരിക്കുന്നതെന്നും

പ്രസ്തുത റോഡുകൾ ഗതാഗത യോഗ്യമാക്കുന്നതിന് 13,23,64,946/- രൂപയുടെ ആവശ്യമുള്ളതായും, ആയതിനുള്ള ഫണ്ട് സർക്കാരിന്റെ ടൈഡ് ഫണ്ടിൽ നിന്നോ മറ്റ് ഏതെങ്കിലും ഫണ്ടിൽ നിന്നോ അനുവദിച്ച് നൽകണമെന്ന് ബഹു. തദ്ദേശവകുപ്പമന്ത്രിയോട് അഭ്യർത്ഥിക്കാൻ തീരുമാനിച്ചുകൊണ്ടുള്ള പഞ്ചായത്ത് ഭരണസമിതിയുടെ 09.02.2023 ലെ 8(3)-ാം നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചിട്ടുള്ളതായി അറിയിച്ചു".

വാട്ടർ അതോറിറ്റി റോഡുകൾ കട്ട് ചെയ്യുന്നതുമൂലം റോഡുകളുടെ പുനർ നിർമ്മാണത്തിനായി പഞ്ചായത്തിനുണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യത കുറയ്ക്കുന്നതിന്, റോഡ് റിസ്റ്റോറേഷൻ ചാർജിനത്തിലെ തുക ലഭ്യമാകുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതും വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-26 ചെക്കുകൾ പണമാക്കിയിട്ടില്ല

തനത് ഫണ്ട് അക്കൗണ്ടിന്റെ (കാനറാ ബാങ്ക്) മാർച്ച് 2023 റീകൺസിലിയേഷൻ പത്രിക പ്രകാരം ചുവടെ ചേർത്തിരിക്കുന്ന ചെക്കുകൾ Cheque Deposited But Not Collected എന്നയിനത്തിൽ കാണുന്നു.

| വൗച്ചർ നം., തീയതി | Instrument No., Dated | തുക |
|---|---|---|
| 121010400002/03.08.21 | 543646, 28.07.21 | 1250/- |
| 121010400001/03.08.21 | 543646, 28.07.21 | 11250/- |

തുക എന്താവശ്യത്തിന് ലഭ്യമായതാണെന്നും തുക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങളും ലഭ്യമാക്കിയിട്ടില്ല. തുക ഈടാക്കുന്നതിന് ചട്ടങ്ങൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണത്തിന് അപാകത പരിഹരിച്ച് വിവരം ലഭ്യമാക്കുന്നതാണെന്നാണ് അറിയിച്ചിട്ടുള്ളത്.

## 1-27 വൃദ്ധസദനം മെയിന്റനൻസ് -പദ്ധതി ലക്ഷ്യം പൂർത്തീകരിച്ചില്ല

പ്രോജക്ട് നം., പേര് - 188/23, വൃദ്ധസദനം മെയിന്റനൻസ്

അടങ്കൽ - 2,53,000/- (50000/- തനത് ഫണ്ട്, 203000/- മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്)

ചെലവ് - 2,51,879/- (48879/- തനത് ഫണ്ട് , 203000/- മെയിന്റനൻസ് ഫണ്ട് നോൺ റോഡ് )

നിർവഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

മേൽ പ്രോജക്ട് പ്രകാരം വൃദ്ധസദനം മെയിന്റനൻസിനായി 2,51,879/- രൂപ ചെലവഴിച്ചിരിക്കുന്നു. വൃത്തിയും സുരക്ഷിതവുമായ അന്തരീക്ഷം വൃദ്ധസദനത്തിൽ ഒരുക്കുന്നതിന്റെ ഭാഗമായി ഫ്ലോർ ടൈലുകൾ സ്ഥാപിക്കുന്ന പ്രവർത്തിയാണ് നിർവഹിച്ചിരിക്കുന്നത്.

ചെലവുപത്രികകളിൽ നിന്നും ലഭ്യമായ വിവരങ്ങൾ പ്രകാരം മുൻവർഷങ്ങളിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി, വൃദ്ധസദനത്തിന്റെ അറ്റകുറ്റപ്പണികൾക്കായി നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | പ്രോജക്ടിന്റെ പേര് | ഫണ്ട്, അടങ്കൽ | ചെലവ് തുക |
|---|---|---|---|
| 2021-22 | വൃദ്ധസദനം മെയിന്റനൻസ് | മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) 1 ലക്ഷം | 99,903/- |
| 2020-21 | 281, വൃദ്ധസദനം അറ്റകുറ്റപ്പണികൾ | 150000 (തനത് ഫണ്ട്) | 1,49,991/- |

പഞ്ചായത്തിന്റെ വൃദ്ധസദനം സ്ഥിതി ചെയ്യുന്ന സ്ഥലം, ആയത് ആരംഭിച്ച തീയതി, നടത്തിപ്പിന് ചുമതലപ്പെട്ട ജീവനക്കാരുടെ എണ്ണം, അന്തേവാസികളുടെ എണ്ണം, വൃദ്ധസദനത്തിന്റെ കെട്ടിടം നിർമിച്ച വർഷം, കെട്ടിട നമ്പർ, സ്ഥാപനം നിലവിൽ പ്രവർത്തിക്കുന്നുണ്ടോ, മറ്റ് പ്രവർത്തനങ്ങൾ സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കാനാവശ്യപ്പെട്ട് പഞ്ചായത്തിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് അന്വേഷണം നം. 46/19.09.2023).

പഞ്ചായത്തിന്റെ സ്റ്റാറ്റസ് റിപ്പോർട്ട്, മറ്റ് രേഖകൾ എന്നിവ പ്രകാരം ഗ്രാമപഞ്ചായത്തിൽ വൃദ്ധസദനം ആരംഭിച്ചിട്ടില്ല. പ്രവർത്തനം ആരംഭിക്കുന്നത് സംബന്ധിച്ച ഭരണസമിതി തീരുമാനങ്ങളൊന്നും ലഭ്യമാക്കിയിട്ടുമില്ല. നാളിതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്ത സംരംഭത്തിലേയ്ക്ക് ഇത്തരത്തിൽ വിവിധ വർഷങ്ങളിലായി ഭൌതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായുള്ള പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് കാരണം വിശദമാക്കേണ്ടതാണ്.

## 1-28 ടേക്ക് എ ബ്രേക്ക് വിശ്രമകേന്ദ്രം പ്രവർത്തനം ആരംഭിച്ചിട്ടില്ല

സംസ്ഥാനത്തെ പ്രധാന പാതകളിൽ വിനോദ സഞ്ചാരികൾക്കും, യാത്രക്കാർക്കും പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനൊപ്പം ജനങ്ങൾക്ക് തൊഴിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വരുമാനവും സാധ്യമാക്കുന്നതിനാണ് സംസ്ഥാന സർക്കാർ ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി നിർദ്ദേശം പ്രത്യേക പരിഗണന നൽകേണ്ട പതിനാലാം പദ്ധതി പരിപാടികളിൽ ഉൾപ്പെടുത്തി, സ.ഉ.(സാധാ) നം. 1401/20/തസ്വഭവ തീയതി 27.7.2020 പ്രകാരം ടേക്ക് പദ്ധതി നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

അതിയന്നൂർ ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി ടേക്ക് എ ബ്രേക്ക് വിശ്രമകേന്ദ്രത്തിന്റെ നിർമാണം 2023 മാർച്ചിൽ പൂർത്തീകരിച്ചിട്ടുണ്ട്. വെൺപകൽ സി.എച്ച്.സി കോമ്പൗണ്ടിനുള്ളിലാണ് ടേക്ക് എ ബ്രേക്ക് വിശ്രമകേന്ദ്രം സ്ഥാപിച്ചിരിക്കുന്നത്.

ഗ്രാമപഞ്ചായത്തിൽ 2020-21 സാമ്പത്തിക വർഷം മുതൽ 17,00,000/- രൂപ ടേക്ക് എ ബ്രേക്ക് നിർമ്മാണത്തിനായി പ്രൊജക്റ്റ് ഉൾപ്പെടുത്തി വരുകയും 2022-23 വർഷമാണ് പദ്ധതി നിർവഹണം പൂർത്തിയാക്കുകയും ചെയ്തിരിക്കുന്നത്. പ്രവൃത്തി പൂർത്തിയായെങ്കിലും പൊതുജനങ്ങൾക്കായി ഇത് ഇനിയും തുറന്ന് കൊടുത്തിട്ടില്ല (ഓഡിറ്റ് അന്വേഷണം നം. 43/19.09.2023).

27.7.2020 ലെ സ.ഉ(സാധാ) 1401/2020/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരമുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രത്തിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതാണ്.

## 1-29 ഗുണഭോക്തൃസമിതി മുഖേന നിർവഹണം നടത്തിയ മരാമത്ത് പ്രവൃത്തികൾ- ചെലവുരേഖകൾ ഹാജരാക്കിയില്ല- 244428/-രൂപ തടസ്സപ്പെടുത്തുന്നു

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ മരാമത്ത് പ്രവൃത്തികൾ ഗുണഭോക്തൃ സമിതി മുഖാന്തിരം നിർവഹിച്ചതിൽ സർക്കുലർ നം. 1/1559 /2010/സി.ഇ./ത.സ്വ.ഭ.വ. തീയതി 13.11.2014 പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാത്തതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) ഗുണഭോക്തൃ സമിതികൾ കൺവീനറുടെയും ചെയർമാന്റെയും തെരഞ്ഞെടുപ്പിന് മാത്രമായി ആകെ ഒരു തവണ മാത്രമേ യോഗം ചേർന്നിട്ടുള്ളൂ. പ്രവൃത്തിയുടെ നിർവഹണം, മോണിട്ടറിംഗ്, വരവ് ചെലവു കണക്കുകളുടെ പരിശോധന എന്നിവയൊന്നും ഗുണഭോക്തൃ സമിതി വിലയിരുത്തുകയോ, യോഗം കൂടി തീരുമാനങ്ങൾ കൈക്കൊള്ളുകയോ ചെയ്തിട്ടില്ല.

2) പ്രവൃത്തികൾക്കായി വാങ്ങുന്ന സാധനങ്ങൾ, നിയോഗിക്കുന്ന തൊഴിലാളികളുടെ വേതനം, യന്ത്ര സാമഗ്രികളുടെ വാടക തുടങ്ങിയവ സംബന്ധിച്ച കണക്കുകൾ, മസ്റ്റർ റോൾ, മിനിട്ട് ബുക്ക് എന്നിവ കൺവീനർ തയ്യാറാക്കി നിർവഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തണമെങ്കിലും അപ്രകാരം ചെയ്തിട്ടില്ല.

3) ചെലവു വൗച്ചറുകൾ, മസ്റ്റർ റോളുകൾ എന്നിവ ഫയലിൽ ലഭ്യമല്ല.

4) കൺവീനറുടെ വരവ് - ചെലവ് കണക്ക് പുസ്തകം, ദൈനം ദിനജോലി ഡയറി എന്നിവ പരിശോധനക്ക് ലഭ്യമാക്കിയില്ല.

5) ബിൽ തുക അനുവദിക്കുന്നതിനു മുൻപ് മോണിട്ടറിംഗ് സമിതിയുടെ റിപ്പോർട്ട് പരിശോധിക്കണമെങ്കിലും, അപ്രകാരമുള്ള പരിശോധന നടത്താതെയാണ് നിർവഹണാധികാരി ബിൽ അനുവദിച്ച് നൽകിയിരിക്കുന്നത്.

6) ഗുണഭോക്തൃ സമിതിക്കുണ്ടായ യഥാർത്ഥ ചെലവോ, കരാർ പ്രകാരമുള്ള ബിൽ തുകയോ ഇതിൽ ഏതാണോ കുറവ് അതാണ് അനുവദിക്കേണ്ടത്. എന്നാൽ ആയത് പരിശോധിക്കുന്നതിനാവശ്യമായ ചെലവു വൗച്ചറുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നം. , പേര് | അടങ്കൽ | ചെലവ് / ആകെ പ്രവർത്തിമൂല്യം | ബിൽ നം./ തീയതി | കൺവീനറുടെ പേര് |
|---|---|---|---|---|
| ചെമ്പൻകുളം അംഗൻവാടി പുനരുദ്ധാരണം 90/23 | 200000 (മെയിന്റനൻസ് ഫണ്ട് നോൺ റോഡ് ) | 195455 | 237/28.02.23 | ലതാകുമാരി വി |
| പുതിച്ചൽ അംഗൻവാടി പുനരുദ്ധാരണം 63/23 | 50000 (മെയിന്റനൻസ് ഫണ്ട് നോൺ റോഡ് ) | 48973 | 235/28.02.23 | ബിന്ദു വി |
| | ആകെ | 244428 | | |

ചെലവുരേഖകൾ ഹാജരാക്കാത്തതിനാൽ 244428/- രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 45/19.09.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-30 പ്രത്യേക കന്നുകുട്ടി പരിപാലനം-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല- 540970/- രൂപ തടസ്സപ്പെടുത്തുന്നു

ഗ്രാമപഞ്ചായത്തിലെ കന്നുകുട്ടികളുടെ വളർച്ചയ്ക്ക് സഹായം നൽകുന്നതിനുവേണ്ടി "പ്രത്യേക കന്നുകുട്ടി പരിപാലനം (S0133/23)" എന്ന പദ്ധതിയ്ക്കായി ചുവടെ വിവരിക്കും പ്രകാരം തിരുവനന്തപുരം ജില്ലാ എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടർക്ക് തുക നൽകിയിട്ടുണ്ട്.

| ബിൽ നമ്പർ/തീയതി | തുക |
|---|---|
| 5/23, 27/1/23 | 362500/- |
| 6/23, 27/1/23 | 87500/- |
| 12/23, 8/3/23 | 250000/- |
| 15.23, 10/3/23 | 75000/- |
| 20/23, 24/3/23 | 75000/- |
| ആകെ | 850000/- |
| നിർവഹണോദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
| അടങ്കൽ തുക | പൊതു-850000/- |

| | |
|---|---|
| | ഗുണഭോക്തൃ വിഹിതം – 850000/- (നേരിട്ട് ചെലവ് ചെയ്യൽ)<br>ആകെ-1700000/- |
| ചെലവ് | 850000/- |

പദ്ധതി പ്രകാരം ചെലവായ 850000/- രൂപ പൊതുവിഭാഗത്തിൽ നിന്നും ചെലവ് ചെയ്തു. സബ്സിഡി മാർഗ്ഗരേഖ പ്രകാരം പദ്ധതിയ്ക്കായി 6250/- രൂപയും, തദ്ദേശ സ്ഥാപനവിഹിതമായി 6250/- രൂപയും ഗുണഭോക്തൃ വിഹിതമായി 12500/- രൂപയും ചെലവഴിക്കാവുന്നതാണ്. എന്നാൽ പദ്ധതി പ്രകാരം 68 ഗുണഭോക്താക്കൾക്കായി സംസ്ഥാന വിഹിതം ലഭ്യമാകാത്ത സാഹചര്യത്തിൽ പ്ലാൻ ഫണ്ടിൽ നിന്നും 68 കന്നുകുട്ടികൾക്കായി 850000/- രൂപ ചെലവഴിച്ചു (68x2x6250). പദ്ധതിയ്ക്കായി ചെലവഴിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാനും പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്ത കന്നുകുട്ടികളിൽ മരണപ്പെട്ട് പോവുകയോ, വിറ്റുപോവുകയോ ചെയ്തവയുടെ വിവരവും ലഭ്യമാക്കാനും നൽകിയ അന്വേഷണകുറിപ്പ് 32/23 -ന് ലഭ്യമാക്കിയ മറുപടിയിൽ 13/12/23-ലെ സ.ഉ.(സാധാ)നം.3096/22/തസ്വഭവ ഉത്തരവ് പ്രകാരം പ്ലാൻ ഫണ്ട് ഉപയോഗിക്കാൻ അനുവദിച്ചിട്ടുണ്ടെന്നും, പദ്ധതിയ്ക്കായി നൽകിയ തുകയിൽ 309030/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ടെന്നും, പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്ത കന്നുകുട്ടികളിൽ ഒന്നുംതന്നെ മരണപ്പെടുകയോ, വിൽക്കപ്പെട്ട് പോവുകയോ ചെയ്തിട്ടില്ലായെന്നും അറിയിച്ചു. വിനിയോഗസാക്ഷ്യപത്രം ലഭ്യമാകാത്ത 540970/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-31 വാട്ടർ അതോറിറ്റിയിൽ വെള്ളക്കരം അടവാക്കുന്നത്- സംയുക്ത പരിശോധന നടത്തേണ്ടതാണ്

2022-23 സാമ്പത്തിക വർഷത്തിലെ ചെലവ് വൗച്ചർ പരിശോധിച്ചതിൽ പൊതുടാപ്പുകളുടെ വെള്ളക്കരം അടവാക്കുന്നതിന് കേരള വാട്ടർ അതോറിറ്റിയിൽ അടവാക്കിയിട്ടുള്ള തുകകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വൗച്ചർ നം. /തീയതി | തുക | ഡിമാന്റ് രസീതു പ്രകാരം ടാപ്പുകളുടെ എണ്ണം |
|---|---|---|
| 22200091 / 31.5.2022 | 192933/- | 400 |
| 22200130 / 25.6.2022 | 192933/- | 400 |
| 22200184 / 30.6.2022 | 192933/- | 400 |
| 22200269 / 29.7.2022 | 192933/- | 400 |
| 22200362 / 30.8.2022 | 85965/- | |
| 22200445 / 23.9.2022 | 192933/- | 400 |
| 22200529 / 31.10.2022 | 192933/- | 400 |
| 22200782 / 11.1.2023 | 578799/- | |
| 22200937 / 28.2.2023 | 95984/- | |
| 22201120 / 31.3.2023 | 241437/- | 199 |
| ആകെ | 2159783 | 0 |

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സ് പരിശോധിച്ചതിൽ 21/1/2023 തീയതിയിലെ തീരുമാനം നം. 2 "*നിരവധി തവണ ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും പൊതുടാപ്പുകളുടെ എണ്ണത്തിന്റെ കൃത്യമായ കണക്ക് നൽകുകയോ 400 പൊതുടാപ്പ് എന്ന മുൻ കണക്കിൻ പ്രകാരമുള്ള വെള്ളക്കരമായ 192933/- രൂപയെന്ന തുകയിൽ നിന്ന് കുറവ് വരുത്താനോ KWA തയ്യാറായിട്ടില്ല. യഥാർത്ഥ ടാപ്പുകളുടെ എണ്ണം 100 നോട് അടുത്ത് മാത്രമെ വരുകയുള്ളൂ എന്ന് കമ്മിറ്റി വിലയിരുത്തി.* " പ്രകാരം യഥാർത്ഥ പൊതുടാപ്പുകളുടെ എണ്ണം 100നോട് അടുത്ത് മാത്രമാണെന്ന് മനസ്സിലാക്കിയിട്ടും തുടർന്നും 199 ടാപ്പുകൾക്ക് 241437/- രൂപ 31/3/2023 തീയതിയിലും അടവാക്കിയിരിക്കുന്നു. അടിയന്തിരമായി KWA യിൽ നിന്ന് സംയുക്ത പരിശോധന റിപ്പോർട്ട് ലഭ്യമാക്കി ഉപയോഗിക്കുന്ന പൈപ്പുകൾക്ക് മാത്രം വെള്ളക്കരം അടവാക്കാതെ പഞ്ചായത്ത് ഫണ്ടിന് ഭീമമായ നഷ്ടം ഉണ്ടാകുന്ന രീതിയിൽ KWA ക്ക് തുടർന്നും വെള്ളക്കരം അടവാക്കുന്നതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (31/16.9.2023) വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തിരമായി സംയുക്ത പരിശോധന നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകി.

തൻമാസ ഡിമാന്റിനൊപ്പം ബില്ലുകളിൽ കുടിശ്ശിക തുകയും, പിഴയും കൂടി ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിലും, ഗ്രാമപഞ്ചായത്ത് കുടിശ്ശികയും പിഴയും ഒടുക്കുന്നില്ല. വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് കുടിശ്ശികയുമായി ബന്ധപ്പെട്ട വിഷയത്തിൽ പരിഹാരം നേടേണ്ടതും, അടിയന്തിരമായി സംയുക്ത പരിശോധന നടത്തി പൊതുടാപ്പുകൾ ആവശ്യമില്ലാത്ത പക്ഷം റദ്ദ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, പ്രവർത്തനക്ഷമമായ ടാപ്പുകൾക്ക് മാത്രം വെള്ളക്കരം ഒടുക്കേണ്ടതും കൂടുതലായി അടവാക്കുന്ന തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ബാധ്യതയായി നിജപ്പെടുത്തുന്നതുമാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-32 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മുഴുവൻ മരുന്നുകളും ലഭ്യമാക്കിയിട്ടില്ല

പ്രോജക്റ്റ് നമ്പർ - 16/23 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ

അടങ്കൽ - 200,000/-

ചെലവ് - 200,000/-

ഫണ്ട് - മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്)

ബിൽ നമ്പർ/തീയതി - 01/22-23, 17.11.2022

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ ഹോമിയോ

2022-23 സുലേഖ ചെലവ് പത്രിക പ്രകാരം ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ (16/23) എന്ന പദ്ധതിയുമായി ബന്ധപ്പെട്ട് രണ്ട് ലക്ഷം രൂപ ഹോംകോയ്ക്ക് കൈമാറിയിട്ടുണ്ട്. പദ്ധതി ഫയൽ പരിശോധിച്ചതിൽ 115054/- രൂപയുടെ മരുന്നുകൾ മാത്രമെ ലഭ്യമായിട്ടുള്ളൂ.

ബാക്കി 84946/- രൂപയുടെ മരുന്നുകൾ ലഭ്യമായതിന്റെ വിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (7/11.9.2023) 84946/- രൂപയുടെ മരുന്നുകൾ Ready For Despatch ആണെന്നും ഒരാഴ്ചയ്ക്കുള്ളിൽ തന്നെ അവ സ്ഥാപനത്തിൽ എത്തിച്ച് തരുമെന്ന് ഹോംകോ ഉറപ്പ് നൽകിയിട്ടുണ്ടെന്ന് അറിയിച്ചു. ലഭ്യമാകാനുള്ള മരുന്നുകൾ ലഭ്യമായാലുടൻ തന്നെ ആയവ സ്റ്റോക്കിലെടുത്ത് ബില്ലുകളുടെ പകർപ്പ് സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-33 ബഡ്സ് സ്കൂൾ / ബഡ്സ് റീഹാബിലേഷൻ സെന്റർ പ്രവർത്തനം ആരംഭിച്ചിട്ടില്ല

ഗ്രാമ പഞ്ചായത്തിലെ 14-ാം പഞ്ചവൽസര പദ്ധതി 2022-27 സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം ശാരീരിക മാനസിക വൈകല്യമുള്ളവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മാനസിക വൈകല്യം ബാധിച്ചവർ | 153 |
| ശാരീരിക വൈകല്യം ബാധിച്ചവർ | 280 |
| മാനസിക വൈകല്യം ബാധിച്ച കുട്ടികളുടെ എണ്ണം | 22 |
| ശാരീരിക വൈകല്യം ബാധിച്ച കുട്ടികളുടെ എണ്ണം | 21 |
| ഓട്ടിസം ബാധിച്ചവർ | 2 |
| സെറിബ്രൽ പാൾസി ബാധിച്ചവർ | 17 |
| ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവർ | 30 |
| ബഹുവൈകല്യം ഉള്ളവർ | 32 |
| ആകെ | 557 |

സ.ഉ (എം.എസ്)നം. 183/07/തസ്വഭവ, തീയതി 24/7/2007, സ.ഉ (എം.എസ്)നം. 73/08/തസ്വഭവ, തീയതി 13/3/2008 എന്നീ ഉത്തരവുകൾ പ്രകാരം മാനസിക വെല്ലുവിളി നേരിടുന്നവർക്കായി സ്പെഷ്യൽ സ്കൂൾ മാതൃകയിൽ പ്രത്യേക സ്കൂളുകൾ പ്ലാൻ ഫണ്ട് ഉപയോഗിച്ച് നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

പഞ്ചായത്തിൽ 500 ൽ അധികം മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്നവർ ഉണ്ടായിട്ടും അവരെ പുനരധിവസിപ്പിക്കുന്നതിലേയ്ക്കായി നാളിതുവരെ ബഡ്സ് സ്കൂൾ / ബഡ്സ് റീഹാബിലേഷൻ സെന്റർ പ്രവർത്തനം ആരംഭിക്കാത്തതിന് കാരണം വ്യക്തമാക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (42/19.9.2023) ബഡ്സ് സ്കൂൾ പ്രവർത്തനം ആരംഭിക്കുന്നതിന് ആവശ്യമായ സ്ഥല സ്ഥാപന സൌകര്യം ലഭ്യമാകുന്ന മുറയ്ക്കും ഫണ്ട് ലഭ്യതയ്ക്കനുസൃതമായി ഗ്രാമ പഞ്ചായത്ത് ഭരണസമിതി തീരുമാനം ലഭ്യമാകുന്ന മുറയ്ക്കും ബഡ്സ് സ്കൂൾ / ബഡ്സ് റീഹാബിലേഷൻ സെന്റർ പ്രവർത്തനം ആരംഭിക്കുന്നതാണെന്ന് മറുപടി നൽകി. മാനസിക വെല്ലുവിളി നേരിടുന്നവരെ പുനരധിവസിപ്പിക്കുന്നതിനായുള്ള ബഡ്സ് സ്കൂളിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനായി ഭരണസമിതി അടിയന്തിരമായി ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-34 സ്പിൽ ഓവർ പദ്ധതികൾ നടപ്പിലാക്കുന്നില്ല

സ്പിൽ ഓവർ പ്രൊജക്ടുകൾ നടപ്പിലാക്കുമ്പോൾ പാലിക്കേണ്ട നിർദ്ദേശങ്ങൾ സ.ഉ.(കൈ)84/2022/ത.സ്വ.ഭ.വ തീ. 19-04-2022 പ്രകാരം നൽകിയിട്ടുണ്ട്. മേൽ ഉത്തരവ് 11(1) മുതൽ (6) വരെയുള്ള ഉപഖണ്ഡിക അനുസരിച്ച് മാർച്ച് 31 ന് നിർവ്വഹണം പൂർത്തിയാകാത്ത പ്രോജക്ടുകളുടെ നിലവിലെ അവസ്ഥ പരിശോധിച്ച് ഏതൊക്കെ പ്രോജക്ടുകൾ തുടർന്ന് നടപ്പിലാക്കേണ്ടതുണ്ടെന്ന് ആദ്യം തീരുമാനിക്കണം. തുടർന്ന് നിർവ്വഹണ നടപടികൾ ആരംഭിക്കാത്ത പ്രോജക്ടുകളിൽ നടപ്പിലാക്കേണ്ടതില്ലെന്ന് കണ്ടെത്തുന്നവ ഒഴിവാക്കുകയും, ഭാഗികമായി പൂർത്തീകരിച്ച പ്രോജക്ടുകളുടെ നിർവ്വഹണം പാഴ്ചെലവ് വരാത്ത രീതിയിൽ അവസാനിപ്പിക്കുകയും ചെയ്യാം. പിന്നീട് നിർബന്ധമായും തുടരേണ്ടതുണ്ടെന്ന് കാണുന്ന പ്രോജക്ടുകളാണ് സ്പിൽ ഓവറായി ഉൾപ്പെടുത്തേണ്ടത്. ഇങ്ങനെ വിവിധ ഘട്ടങ്ങളിലെ ഒഴിവാക്കലുകൾക്ക് ശേഷം സ്പിൽ ഓവറായി ഉൾപ്പെടുത്തിയ ചില പൊതുമരാമത്ത് പ്രവൃത്തികളിൽ തൻവർഷം യാതൊരു തുകയും ചെലവഴിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | വകയിരുത്തിയ തുക | ഫണ്ടിനം |
|---|---|---|---|---|
| 1 | 71/23 | ഇലവിൻമൂട് കോട്ടത്തലക്കുഴി റോഡ് ഓട നിർമ്മാണം വാർഡ് 3 (സ്പിൽ ഓവർ) | 245350 | ധനകാര്യ കമ്മിഷൻ അവാർഡ് |
| 2 | 75/23 | കൊല്ലംവിളാകം പട്ടക്കുടി തോട് പുനരുദ്ധാരണം (സ്പിൽ ഓവർ) | 140700 | |
| 3 | 86/23 | പട്ടക്കുടി കിഴവന്നൂർക്കുളം പുനരുദ്ധാരണം വാർഡ് 10 (സ്പിൽ ഓവർ) | 750000 | |

വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 18/14.09.2023) പ്രോജക്ട് നം. 71/23, 75/23 എന്നിവ സൈറ്റ് ഇഷ്യൂ കാരണം ഒഴിവാക്കപ്പെട്ടുവെന്നും പ്രോജക്ട് നം. 86/23 സ്പിൽ ഓവർപദ്ധതികളിൽ RE ആക്കി ഉൾപ്പെടുത്തിയിട്ടുണ്ടെന്നുമാണ് മറുപടി ലഭ്യമാക്കിയത്.

സ്പിൽ ഓവറായി ഉൾപ്പെടുത്തിയ പ്രോജക്ടുകൾ ഇത്തരത്തിലുള്ള കാരണം മൂലം നടപ്പാക്കാനാകാത്തത് ആവശ്യകത നിർണയിച്ച് പദ്ധതികൾ തയാറാക്കാത്തത് കാരണമാണ്. മാർഗനിർദ്ദേശങ്ങൾ കർശനമായും പാലിച്ചുകൊണ്ട് പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-35 ഹരിത കർമ്മസേനയ്ക്ക് വയബിലിറ്റി ഗ്യാപ് ഫണ്ട് - പദ്ധതി നിർവഹണത്തിലെ അപാകങ്ങൾ-ചെലവ് തുക ₹ 53380/- തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നമ്പർ - S0038/23

പ്രോജക്ടിന്റെ പേര് – ഹരിത കർമ്മസേനയ്ക്ക് വയബിലിറ്റി ഗ്യാപ് ഫണ്ട്

അടങ്കൽ – 54935/-

ചെലവ് - 53380/-, (Bill No.3/23 Dtd 18.6.22 Amt-3800/-,Bill No.1/23 Dtd 18.6.22 Amt-19980/-,Bill No.2/23 Dtd 18.6.22 Amt-15200/-,Bill No.4/23 Dtd 27.8.22 Amt-4400/-,Bill No.20/23 Dtd 23.3.23 Amt-5000/-,Bill No.13/23 Dtd 20.1.23 Amt-5000/-)

പഞ്ചായത്ത് ഹരിതകർമ്മസേനയുടെ പ്രധാന വരുമാന മാർഗം വീട്ടുകളിൽ നിന്നും ലഭിക്കുന്ന യൂസർ ഫീയാണ്. യൂസർ ഫീ ഇനത്തിൽ ലഭിക്കുന്നതുക, പാഴ് വസ്തുക്കൾ വിറ്റ് കിട്ടുന്ന തുക, മറ്റിനങ്ങളും ചേർത്ത് ഹരിത കർമ്മസേനക്ക് ലഭിക്കേണ്ടുന്ന പ്രതീക്ഷിത വരുമാനവും പ്രതിമാസം ലഭിക്കുന്ന വരുമാനവും തമ്മിലുള്ള വ്യത്യാസം കണക്കാക്കുമ്പോൾ കുറവുവന്ന തുകയാണ് വയബിലിറ്റി ഗ്യാപ്പ് ഫണ്ടായി അനുവദിക്കേണ്ടത്. പഞ്ചായത്തിലെ ഹരിത കർമ്മ സേനാംഗങ്ങൾക്ക് ₹53380 വയബിലിറ്റി ഗ്യാപ് ഫണ്ടായി അനുവദിച്ചിട്ടുണ്ട്. മേൽ വിഷയം സംബന്ധിച്ച് നല്കിയ എൻക്വയറി നമ്പർ 44 ന്റെ മറുപടിയിൽ അതിയന്നൂർ ഗ്രാമപഞ്ചായത്തിൽ 17 വാർഡുകളിലായി 34 ഹരിതകർമ്മസേനകൾ ഉള്ളതായും ,മാസവരുമാനം ശരാശരി 500/- രൂപയിൽ താഴെ ആയതിനാലുമാണ് വയബിലിറ്റിഗ്യാപ്പ് ഫണ്ട് അനുവദിച്ചതെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. സ്വന്തമായി വാഹനമില്ലാത്തതിനാൽ 12500/- രൂപ വാഹനവാടകയായി അനുവദിച്ചിട്ടുണ്ടെന്നും മറുപടിയിൽ സൂചിപ്പിച്ചിരിക്കുന്നു. വയബിലിറ്റിഗ്യാപ്പ് ഫണ്ട് അനുവദിച്ച സാഹചര്യം വിശദീകരിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത തുക (₹ 53380) എപ്രകാരം കണക്കാക്കിയതെന്ന് വ്യക്തമല്ല. ഗ്യാപ് ഫണ്ട് കണക്കാക്കിയ സ്റ്റേറ്റ്മെന്റ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. സ.ഉ.(സാധാ) നം.1250/2021/തസ്വഭവ തീ.02.07.2021 പ്രകാരം ഹരിതകർമ്മ സേനയുടെ വരുമാനക്കുറവ് നികത്താനാണ് വയബിലിറ്റി ഗ്യാപ്പ് ഫണ്ട് വിനിയോഗിക്കേണ്ടത്. ഹരിതകർമ്മ സേനയുടെ വരുമാനം സംബന്ധിച്ച രേഖകൾ (പ്രതീക്ഷിത വരുമാനം, ലഭ്യമായ വരുമാനം), ചെലവ്, ക്യാഷ് ബുക്ക്, ബാങ്ക് അക്കൗണ്ട് രേഖകൾ ഉൾപ്പെടെയുള്ള രേഖകൾ, അനുവദിച്ച തുകയുടെ വിനിയോഗ രേഖകൾ എന്നിവ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

### 1-36 സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം നടപ്പിലാക്കിയിട്ടില്ല

സ.ഉ(കൈ) നം.115/2022/.തസ്വഭവ തീ.28.5.2022 ഖ6.8ഡി (1) ൽ തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിന്റെ ഭാഗമായി ആവിഷ്കരിച്ചിട്ടുള്ള സ്മാർട്ട് ഗാർബേജ് മേണിറ്ററിംഗ് സിസ്റ്റം നടപ്പിലാക്കുന്നതിനും ഇതിന്റെ ഭാഗമായി വികസിപ്പിച്ച സ്മാർട്ട് ഗാർബേജ് ആപ്പ് (ഹരിതമിത്രം) /ക്യൂ.ആർ കോഡ് സമ്പ്രദായം പ്രായോഗിക തലത്തിൽ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തുകളും നഗരഭരണ സ്ഥാപനങ്ങളും ഏറ്റെടുക്കേണ്ടതാണ്. (സ.ഉ.(സാധാ) 2307/21തസ്വഭവ തീ.18.11.21 നമ്പർ ഉത്തരവ് പ്രകാരം). 2022-23-ൽ തന്നെ എല്ലാ ഗ്രാമപഞ്ചായത്തുകളും നഗരഭരണ സ്ഥാപനങ്ങളും ഇത് പ്രവർത്തന ക്ഷമമമാക്കേണ്ടതുമാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയത് പ്രകാരം പ്രോജക്ട് നടപ്പിലാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയുടെ (നമ്പർ 44) മറുപടിയിൽ 2022-23 വർഷത്തിൽ പദ്ധതി പൂർത്തീകരിക്കാൻ സാധിച്ചില്ലായെന്നും 2023-24 വർഷത്തിൽ സ്പിൽഓവറായി ഏറ്റെടുത്ത് തുടർപ്രവർത്തനങ്ങൾ നടത്തി വരുന്നു എന്നും അറിയിച്ചു.സ്മാർട്ട് ഗാർബേജ് മേണിറ്ററിംഗ് സിസ്റ്റം നടപ്പിലാക്കി മോണിറ്ററിംഗ് റിപ്പോർട്ട് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

### 1-37 രേഖകൾ ഹാജരാക്കിയില്ല-ചെലവ് തുക -100000/- രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ടിന്റെ പേര് - സി.എച്ച്.സി. വെൺപകൽ പകർച്ച വ്യാധി പ്രതിരോധം

പ്രോജക്ട് നമ്പർ - S0140/23
അടങ്കൽ - 1 ലക്ഷം (മെയിന്റനൻസ് ഫണ്ട് നോൺ റോഡ്)

ചെലവ് - 100000/- (Bill No.15/23, Dtd 28.3.23)

പ്രസ്തുത പദ്ധതി പ്രകാരം ആരോഗ്യ സെമിനാർ, ഉറവിട നശീകരണം, ആരോഗ്യസെമിനാറുമായി ബന്ധപ്പെട്ട ചെലവുകൾ എന്നിവയ്ക്കായി 100000/- രൂപ ചെലവഴിച്ചു. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ ആരോഗ്യസെമിനാർ നടന്നതിന്റെ വിശദാംശങ്ങൾ, ഉറവിട നശീകരണം ഏതൊക്കെ വാർഡുകളിൽ നടത്തിയെന്നതിന്റെ രേഖകൾ, സെമിനാറിൽ പങ്കെടുത്തവരുടെ വിശദാംശങ്ങൾ എന്നിവ ഹാജരാക്കിയിട്ടില്ല. Remuneration For Faculities എന്ന ഇനത്തിൽ 4000/- രൂപ ചെലവഴിച്ചതായി Voucher കാണുന്നു. എന്നാൽ പ്രസ്തുത Voucher -ൽ നിന്നും തുക നൽകിയിരിക്കുന്ന Faculities നെ സംബന്ധിച്ചും തുക കൈപ്പറിയത് സംബന്ധിച്ചുമുള്ള വിവരങ്ങൾ ലഭ്യമല്ല. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.48 ന് മറുപടി ലഭ്യമാക്കിയില്ല. ചെലവ് രേഖകളുടെ അഭാവത്തിൽ 100000/- രൂപ തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

സൂലേഖ ചെലവ് പത്രിക പ്രകാരം

| വിഹിതം നൽകിയ സ്ഥാപനം | പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവഴിച്ച തുക |
|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | ലൈഫ് ഭവനപദ്ധതി (പട്ടികജാതി) 46/23 | 1500000 | 1440000 |
| | എസ് സി എസ് ടി അഡിഷണൽ പട്ടികയിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ ഭവന നിർമാണം 44/23 | 500000 | 256000 |
| | സ്നേഹസ്പർശം - മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് 139/23 | 349125 | 277875 |
| | സമഗ്രക്ഷീരവർദ്ധിനി പാലിന് സബ്സിഡി 183/23 | 500000 | 500000 |
| ആകെ | | | 2473875 |
| ജില്ലാ പഞ്ചായത്ത് | ലൈഫ് ഭവനപദ്ധതി 45/23 | 192693 | 160000 |
| | ലൈഫ് ഭവനപദ്ധതി 123/23 | 1089655 | 960000 |
| | സ്നേഹസ്പർശം - മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്139/23 | 349125 | 277875 |
| | സമഗ്രക്ഷീരവർദ്ധിനി പാലിന് സബ്സിഡി 183/23 | 500000 | 200000 |
| ആകെ | | | 1597875 |

വാർഷിക ധനകാര്യ പത്രിക പ്രകാരം

| | മുന്നിരിപ്പ് (2021-22 , B-4 ഷെഡ്യൂൾ ) | വരവ് (I 6 പ്രകാരം) | ആകെ | ചെലവ് (സൂലേഖ പത്രിക പ്രകാരം) | നീക്കിയിരിപ്പ് (2022-23, B-4 ഷെഡ്യൂൾ) |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 355955 | 2473875 | 2829830 | 2473875 | 355955 |
| ജില്ലാ പഞ്ചായത്ത് | 324278 | 1597875 | 1922153 | 1597875 | 324278 |
| മുനിസിപ്പൽ കോർപറേഷൻ | 0 | 4150000 | 4150000 | 931998 | 3218002 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ.

| നിർഹണഏജൻസി | പ്രോജക്ട് നം, പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി | 35/23 സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷനും പോസ്റ്റ് മാറ്റി സ്ഥാപിക്കലും | 146196/- | 146196/- | 0 |
| | 106/23 സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷനും പോസ്റ്റ് മാറ്റി സ്ഥാപിക്കലും | 1682896/- | 1409718/- | 273178/- |
| | 229/23 നിലാവ് പദ്ധതിൽ സ്ഥാപിച്ച എൽ ഇ ഡി മെയിന്റനൻസ് | 5000/- | 0 | 5000/- |

ഡെപ്പോസിറ്റ് വർക്കിനത്തിൽ നൽകിയ തുകയുടെ വിശദാംശങ്ങൾ ധനകാര്യപത്രികയിലെ രേഖപ്പെടുത്തലുകൾ പൊരുത്തപ്പെടുന്നില്ല.

| സ്ഥാപനം | മുന്നിരിപ്പ് | തിരികെ ലഭ്യമായ തുക | നൽകിയ തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| കെ.എസ്.ഇ.ബി | 2534074 | 0 | 1879092 | *4413166 |
| കേരള വാട്ടർ അതോറിറ്റി | 9464969 | 482822 | 0 | 8982147 |
| ഭൂജല വകുപ്പ് | 200000 | 0 | 0 | 200000 |

* ബന്ധപ്പെട്ട പ്രോജക്ട് ഫയലുകൾ പ്രകാരം കെ.എസ്.ഇ.ബി യിൽ നിന്നും 15,55,914/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ട്. എന്നാൽ ധനകാര്യപത്രികയിൽ ആയത് രേഖപ്പെടുത്തി ബാധ്യത ക്രമീകരിച്ചിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ളത് താഴെ കൊടുക്കുന്നു.

| വായ്പയുടെ | വർഷാരംഭത്തിൽ | തൻവർഷം | തൻവർഷം | വർഷാവസാനം |
|---|---|---|---|---|

| പേര്/ ഉദ്ദേശ്യം | തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | ലഭിച്ച തുക | തിരിച്ചടച്ച തുക | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| ഹഡ്കോ വായ്പ | 11132729/- | 803357/- | 1969185/- | 9966901/- |

*നീക്കിയിരിപ്പ് തുക ലോൺ രജിസ്റ്ററിലെ (9963544/-) വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല (വ്യത്യാസം 3357/-). ആയത് പലിശയിനത്തിൽ ലഭ്യമായ തുകയെന്നാണ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ധനകാര്യപത്രിക പ്രകാരം ഓഡിറ്റ് റിക്കവറിയിനത്തിൽ 151501/- രൂപ ലഭ്യമായിട്ടുണ്ട് (ഓഡിറ്റ് പരാമർശം ഇല്ല എന്നാണ് ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ വിവരം).

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഇല്ല

## 4-8 ചാർജ് സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 31540352 |
| ഓഡിറ്റ് വർഷത്തെ വരവ് | 46969474 |
| ആകെ | 78509826 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 39316973 |
| നീക്കിയിരിപ്പ് | 39192853 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2111939 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 781945 | ശ്രീ. റഹ്മത്തുള്ള, സെക്രട്ടറി |
| 1-23 | 58000 | ശ്രീമതി കെ. ചിത്ര, കൃഷിഓഫീസർ |
| | 205600 | ശ്രീമതി. ജിഷ്മ .ജി.എസ്, കൃഷിഓഫീസർ |
| 1-24 | 127616 | ശ്രീ. അഭിലാഷ് .പി. ശശി, അസി. എഞ്ചിനിയർ |
| 1-29 | 244428 | ശ്രീ.അഭിലാഷ് .പി. ശശി, അസി. എഞ്ചിനിയർ |
| 1-30 | 540970 | ഡോ. സുമിൽ .ബി.എസ്, വെറ്റിനറി സർജൻ |
| 1-35 | 43380 | ശ്രീ. നന്ദു, വി.ഇ.ഒ |
| | 10000 | ശ്രീ. അജു, വി.ഇ.ഒ |
| 1-37 | 100000 | ശ്രീ. ജസ്റ്റിൻ ബേസൽ, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, വെൺപകൽ |
| ആകെ | 2111939 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. റഹ്മത്തുള്ള, സെക്രട്ടറി | സെക്രട്ടറി, അതിയന്നൂർ ഗ്രാമപഞ്ചായത്ത് | റ്റി.സി-45/634(1), ബീമാപള്ളി, തിരുവനന്തപുരം |
| ശ്രീമതി. കെ.ചിത്ര, കൃഷിഓഫീസർ | കൃഷി ഓഫീസർ | റ്റി.സി. 21/413, കരമന, തിരുവനന്തപുരം |
| ശ്രീമതി. ജിഷ്മാ.ജി.എസ് കൃഷിഓഫീസർ | കൃഷിഓഫീസർ | അവിട്ടം, കൈവൻവിള, നെല്ലിമൂട്.പി.ഒ |
| ശ്രീ. അഭിലാഷ് .പി. ശശി, അസി.എഞ്ചീനിയർ | അസി. എഞ്ചീനിയർ | എസ്.പി. ഭവൻ, മുളനിന്ന കാഞ്ഞിരംകുളം, കാഞ്ഞിരംകുളം .പി.ഒ, തിരുവനന്തപുരം – 695524 |
| ശ്രീ. നന്ദു, വി.ഇ.ഒ | വി.ഇ.ഒ | വിജയലക്ഷ്മി നിവാസ്, വിളവൂർക്കൽ, മലയിൻകീഴ് .പി.ഒ |
| ശ്രീ. അജു, വി.ഇ.ഒ | വി.ഇ.ഒ | കോസകടിവിളാകം, ചായിക്കോട്ടുകോണം .പി.ഒ, അമരവിള.പി.ഒ |
| ശ്രീ. ജസ്റ്റിൻ ബേസൽ, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, വെൺപകൽ | ബദേൽ, ടൗൺ മസ്ജിദിന് എതിർവശം, നെയ്യാറ്റിൻകര. |
| ഡോ. സുമിൽ .ബി.എസ്, വെറ്റിനറി സർജൻ | വെറ്റിനറി സർജൻ | റീഹോബോത്ത്, തൻപുന്നാൻകാല, കാഞ്ഞിരംകുളം– ഫോൺ. 9895710494 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2004-05 | കെ.എസ്.എ.റ്റി.വി.എം /ജി.പി 3/1769/2022, തീയതി 10.10.2022 | 1 |
| 2005-06 | കെ.എസ്.എ.റ്റി.വി.എം /ജി.പി 3/1769/2022, തീയതി 10.10.2022 | 1 |
| 2007-08 | കെ.എസ്.എ.റ്റി.വി.എം /ജി.പി 3/1769/2022, തീയതി 10.10.2022 | 2 |
| 2012-13 | കെ.എസ്.എ.റ്റി.വി.എം /ജി.പി 3/1769/2022, തീയതി 10.10.2022 | 5 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം /ജി.പി 3/1769/2022, തീയതി 10.10.2022 | 1 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം /ജി.പി 3/1769/2022, തീയതി 10.10.2022 | 2 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം /ജി.പി 3/1769/2022, തീയതി 10.10.2022 | 2 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം /ജി.പി 3/195/2018, തീയതി 3.7.2019 | 9 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം /ജി.പി 3/467/2020, തീയതി | 14 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം /ജി.പി 3/1808/2021, തീയതി 2.3.2022 | 28 |
| 2020-21 | കെ.എസ്.എ.റ്റി.വി.എം /ജി.പി 3/1809/2021, തീയതി 26.2.2022 | 25 |
| 2021-22 | കെ.എസ്.എ.റ്റി.വി.എം /ജി.പി 3/190/2023, തീയതി 24.2.2023 | 33 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
തിരുവനന്തപുരം

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 3(1) dated 31-07-2023 and submitted on 01-08-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Athiyanoor Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Athiyanoor Grama Panchayat for the year 2022-2023

Date: 03/11/2023

Deputy Director(H.G)
District Office Trivandrum
Kerala State Audit Department

## Audit Report appended to the Audit Certificate of Athiyanoor Grama Panchayat for the Year 2022-2023.

**1.Major Observations**

Discrepancies in carrying forward of the closing balance in the year in respect of assets

1. The closing balance of cash and bank balance for the year 2021-22(as per B-17 in the balance sheet) does not match with the opening balance of the same for the year 2022-23 (as per opening balance in trial balance). Details are given below.

| Head Name | Closing balance (As per B-17, Balance sheet schedule for the year 2021-22) | Opening balance (as per trial balance for the year 2022-23) |
|---|---|---|
| Cash and Bank balances | 31540347 | 31540352 |

The difference is to be explained.
2. Amount used for asset creation using specific grant account (Municipal corporation fund, own fund) not transfered to Capital contribution and treated as revenue income.
Assets- 1. Project No- 51/23 Take a Break Toilet.
2. Project No 117/23, Purchase of computer and related documents for Panchayat Office.

**2.Other Observations**

1. Mandatory financial statements prescribed in accounting rules are not submitted for audit.

Eg- Notes on accounts, Financial Ratios

2. Cash flow statement-Net increase /decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalence.

3. The financial statement does not include the details of existing accounts in the gram panchayat

Eg- 1. The details of the account (Account No. 110044841059) opened at Canara Bank Kamukinkode branch for health grant are not included in the financial statement.

2. Account related to Vathilpadi Sevanam (Canara Bank, Kamukinkode Branch A/c No. 110062028217).

4. Provision is not recorded in Schedule B9 of the balance sheet for expenses that cannot be met within the financial year
(eg - Honorarium of People's Representatives in March 2023, fuel expenses etc.).
5. Necessary registers are not maintained to validate the amounts in the annual accounts.
Since the deposit register and advance register were not maintained, it was not possible to verify the accuracy of the entries related with deposits, advances in the annual financial statements
6. Registers not reliable for audit. Eg- Rent register.
7. Recordings in HUDCO loan register related with Life loan does not match with accounts
(There is a difference of Rs.3357/- in the balance amount).
8. Payment voucher misclassification.
Utilisation certificate for Rs. 15,55,914/- received from KSEB on deposit works has not been adjusted by deducting the liability head.
9. Lapse in making timely and accurate demand entries.
Eg- Property Tax
10. As per Rule 17(2) of the Kerala Panchayat Raj Account Rules, the monthly demand for each item of income to be accrued by the Grama Panchayat shall be recorded by journal entry. But no such timely journal entry has been made for property tax and employment tax.
11. Depreciation provided for an asset more than book value.

Eg- For the Asset Vehicles for Office use (as per B11-e) the book value is 5,84,692/-.
But the accumulated depreciation for the same in (as per B11 a) 10,41,894/-.

12. The amount of Rs.14750/- which is recorded as directly credited by bank asper Reconciliation Statement has not been taken into bank account evenafter the closing of the financial year also.
13. Cheques uncashed for more than 3months were not transfered to Stale cheque
According to the reconciliation statement (March 2023 ) of the Panchayat own fund account, overdue checks of Rs.2,978/- are shown as Cheques issued but not presented to bank . No steps have been taken to monetize it under the heading Stale Cheques .
14. Asset register not maintained. Comparison between assets and annual figures was not possible.
15. Stocks are valued and not included in B-14 Stock in Hand (Inventories).

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ അതിയന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്